സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2024 ഏപ്രിൽ 16 ചൊവ്വ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## എത്തിയത് ഇഎസ്ഐ ജീവനക്കാർ ചമഞ്ഞ്, കുടുംബത്തെ ഉപേക്ഷിച്ച് ഒരുമിച്ച് താമസം; സ്വർണമെന്ന് കരുതി ഊരിയ വള മുക്കുപണ്ടം

തൊടുപുഴ: ഇടുക്കി അടിമാലിയിൽ ഫാത്തിമയെ കഴുത്തറുത്ത് കൊലപ്പെടുത്തിയ കേസിൽ പ്രതികളായ അലക്സും കവിതയും എത്തിയത് ഇഎസ്ഐ ഡിസ്പെൻസറിയിലെ ജീവനക്കാർ ചമഞ്ഞെന്ന് പൊലീസ്. അടിമാലി കൂമ്പൻപാറയിലെ ഇഎസ്ഐ ഡിസ്പെൻസറിയിലെ ജീവനക്കാരാണെന്നും താമസിക്കാൻ വാടക വീട് അന്വേഷിച്ച് എത്തിയതാണെന്നും പറഞ്ഞാണ് ഇരുവരും ഫാത്തിമയെ പരിചയപ്പെട്ടത്. വയോധികയുടെ വീടിനു സമീപം വാടക വീടുണ്ടെന്ന് അറിഞ്ഞതോടെ അവിടേക്ക് പോയി. പിന്നീട് ഇടയ്ക്കിടെ ഫാത്തിമയുടെ അടുക്കൽ എത്തിയിരുന്നതായും പൊലീസ് പറയുന്നു.

കൊലപാതകം നടന്ന 13ന് ഉച്ചയോടെ ഫാത്തിമയുടെ അയൽപക്കത്തുള്ള വീടുകളിൽ ഇരുവരും എത്തി. വൈകീട്ട് നാലു മണിയോടെ ഫാത്തിമയുടെ മകൻ വീട്ടിൽ നിന്നു ടൗണിലേക്കു പോയതു കണ്ട് ഇരുവരും എത്തി കുടിക്കാൻ വെള്ളം ചോദിച്ചു. അടുക്കളയിലേക്കു പോയ ഫാത്തിമയെ പിറകെ എത്തിയ പ്രതികൾ കൊലപ്പെടുത്തി സ്വർണാഭരണങ്ങൾ കൈക്കലാക്കി സ്ഥലം വിടുകയായിരുന്നു എന്നും പൊലീസ് പറയുന്നു.

വയോധിക ബഹളമുണ്ടാക്കാൻ ശ്രമിച്ചതോടെ കവിതവായ പൊത്തിപ്പിടിക്കുകയും അലക്സ് കൈവശം കരുതിയിരുന്ന കത്തി ഉപയോഗിച്ച് കഴുത്തിന്റെ മുൻഭാഗം മുറിച്ചും തലയിൽ കുത്തിയും കൊലപ്പെടുത്തുകയായിരുന്നു എന്നും പൊലീസ് പറയുന്നു. തുടർന്നു 2 പവൻ തൂക്കം വരുന്ന സ്വർണമാലയും ഇടതു കയ്യിൽ കിടന്നിരുന്ന വളയും ഊരിയെടുത്തു. സ്വർണമെന്ന് കരുതി ഊരിയ വള മുക്കുപണ്ടമായിരുന്നു. മുറിയിൽ മുളകുപൊടി വിതറിയ ശേഷം പ്രതികൾ സ്ഥലം വിടുകയായിരുന്നു എന്ന് ചോദ്യം ചെയ്യലിൽ പ്രതികൾ മൊഴി നൽകിയതായും പൊലീസ് പറയുന്നു.

സംഭവത്തിൽ 18 മണിക്കൂറിനുള്ളിലാണ് പ്രതികളെ ഇടുക്കി പൊലീസ് പിടികൂടിയത്. 13നു രാത്രി 7 മണിയോടെയാണ് കൊലപാതക വിവരം മകൻ സുബൈർ പൊലീസിൽ അറിയിച്ചത്. തുടർന്നു അടിമാലി സിഐയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘം സംഭവസ്ഥലത്തെത്തി. മകനോടും അയൽവാസികളോടും വിവരങ്ങൾ ആരാഞ്ഞു. ന

പിന്നാലെ ജില്ലാ പൊലീസ് മേധാവി ടി കെ വിഷ്ണുപ്രദീപ്, ഇടുക്കി ഡിവൈഎസ്പി സാജു വർഗീസ്, സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പി മധു ബാബു എന്നിവരുടെ സംഘവും പൊലീസ് നായ, വിരലടയാള വിദഗ്ധർ, സയന്റിഫിക് ഉദ്യോഗസ്ഥർ എന്നിവരുടെ സംഘവും സ്ഥലത്തെത്തി അന്വേഷണത്തിനു തുടക്കം കുറിച്ചു. തുടർന്ന് മണിക്കൂറുകൾക്കകം പ്രതികളെ പിടികൂടുകയായിരുന്നു.

## നടിയെ ആക്രമിച്ച കേസ്: പ്രതി ദിലീപ് നൽകിയ അപ്പീൽ വിധി പറയാൻ മാറ്റി



കൊച്ചി: നടിയെ ആക്രമിച്ച കേസിൽ പ്രതി ദിലീപ നൽകിയ അപ്പീൽ ഡിവിഷൻ ബെഞ്ച് വിധി പറയാൻ മാറ്റി. മെമ്മറി കാർഡിലെ അനധികൃത പരിശോധനയിൽ ജില്ലാ ജഡ്ജി തയ്യാറാക്കിയ വസ്തുത അന്വേഷണ റിപ്പോർട്ടിലെ സാക്ഷി മൊഴികളുടെ പകർപ്പ് അതിജീവിതയ്ക്ക് നൽകരുതെന്നായിരുന്നു ദിലീപിന്റെ ആവശ്യം. മൊഴിപ്പകർപ്പ് നൽകാനുള്ള തീരുമാനത്തിൽ തന്റെ എതിർപ്പ് രേഖപ്പെടുത്തിയില്ലെന്നും വസ്തുതാന്വേഷണ റിപ്പോർട്ടിലെ മൊഴികൾ അറിയാൻ അവകാശമുണ്ടെന്നും ദിലീപ് കോടതിയിൽ വാദിച്ചു.അതേസമയം മൊഴി നൽകേണ്ടതില്ലെന്ന് പറയാൻ പ്രതിക്ക് അവകാശമില്ലെന്നും മൗലികാവകാശം ലംഘിക്കപ്പെട്ടതിനാലാണ് ഹൈക്കോടതിയെ സമീപിച്ചതെന്നും അതിജീവിത ചൂണ്ടിക്കാട്ടി.

ഹൈക്കോടതി നിർദേശപ്രകാരമായിരുന്നു ജില്ലാ ജഡ്ജിയുടെ വസ്തുത അന്വേഷണ റിപ്പോർട്ട് നേരത്തെ അതിജീവിതക്ക് നൽകിയത്.

എന്നാൽ റിപ്പോർട്ടിലെ സാക്ഷി മൊഴികളുടെ പകർപ്പ് നൽകിയിരുന്നില്ല. ഇതിനെതിരെ അതിജീവിത വീണ്ടും ഹൈക്കോടതിയെ സമീപിക്കുകയും മൊഴികളുടെ പകർപ്പ് നൽകാൻ കോടതി നിർദേശിക്കുകയും ആയിരുന്നു.

ജസ്റ്റിസുമാരായ എം നഗരേഷ്, പി.എം മനോജ് എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഹരജി പരിഗണിച്ചത്.

## റഹീമിന്റെ മോചനം: അപേക്ഷയിൽ സൗദി ആഭ്യന്തരമന്ത്രാലയത്തിന്റെ റിപ്പോർട്ട് കോടതി തേടും

റിയാദ്: സൗദി അറേബ്യയിൽ ജയിലിൽ കഴിയുന്ന മലയാളി അബ്ദുൽ റഹീമിന്റെ വധശിക്ഷ റദ്ദ് ചെയ്യാനും അദ്ദേഹത്തെ മോചിപ്പിക്കാനുമുള്ള അപേക്ഷയിൽ സൗദി ആഭ്യന്തരമന്ത്രാലയത്തിന്റെ റിപ്പോർട്ട് കോടതി തേടും. വധശിക്ഷ റദ്ദ് ചെയ്യാനുള്ള അപേക്ഷ റിയാദിലെ കോടതിയിൽ തുടർവാദത്തിനുള്ള തിയതി കാത്തിരിക്കുകയാണെന്ന് നിയമസഹായ സമിതി അറിയിച്ചു. റഹീമിനുള്ള മോചനദ്രവ്യം സൗദിയിലെത്തിക്കാനുള്ള ശ്രമവും ഊർജിതമാണ്.

ഇന്നലെയാണ് സൗദിയിലെ റിയാദിലുള്ള കോടതി റഹീമിന്റെ വധശിക്ഷ റദ്ദാക്കാനുള്ള അപേക്ഷ ഫയലിൽ സ്വീകരിച്ചത്. ഡിജിറ്റലൈസേഷന്റെ ഭാഗമായി പേപ്പർ രഹിതമായി ഓൺലൈൻ വഴിയാണ് നിലവിൽ സൗദി കോടതികളിൽ നടപടിക്രമങ്ങൾ. ഇതിനാൽ ഓൺലൈൻ വഴിയാണ് അപേക്ഷ സമർപ്പിച്ചത്. ദിയാധനം നൽകാൻ കുടുംബവുമായി ധാരണയായ വിവരവും വധശിക്ഷ റദ്ദ് ചെയ്യണമെന്ന ആവശ്യവുമാണ് അപേക്ഷയിലുള്ളത്. സൗദി ആഭ്യന്തരമന്ത്രാലയം ഇത് സംബന്ധിച്ച റിപ്പോർട്ട് കോടതിക്ക് നൽകിയതിന് ശേഷമായിരിക്കും ബന്ധപ്പെട്ട വിഷയത്തിൽ ഉത്തരവുണ്ടാകുക. കോടതി വിളിപ്പിക്കുന്നതോടെ ഇരുവിഭാഗത്തിന്റെയും അറ്റോണിമാർ വിഷയത്തിൽ നിലപാട് കോടതിയെ അറിയിക്കും.

വധശിക്ഷാ കേസായതിനാൽ ദിയാധനം നൽകാൻ പ്രതിഭാഗം തയ്യാറാണെന്നുള്ള വിവരം കൊല്ലപ്പെട്ട അനസിയുടെ അഭിഭാഷകനാണ് കോടതിയെ അറിയിച്ചത്. ദിയാധനം നൽകാനുള്ള കുടുംബത്തിന്റെ സമ്മതത്തിന് അംഗീകാരം നൽകുകയാണ് കോടതിയുടെ ഭാഗത്ത് നിന്ന് പ്രതീക്ഷിക്കുന്ന ആദ്യ നടപടി. ഇത് സുപ്രീംകോടതി ശരിവെക്കണം. ഇതിന് ശേഷം ജയിൽ വകുപ്പിന് ഈ ഉത്തരവ് കൈമാറും. വധശിക്ഷാ കേസായതിനാൽ നടപടിക്രമങ്ങളുണ്ടാകും. എങ്കിലും പരമാവധി വേഗത്തിൽ ഇവ തീർക്കാനാണ് സഹായസമിതിയുടെ ശ്രമം. റഹീമിന്റെ കേസിൽ എംബസിയുടെ ഭാഗത്ത് നിന്ന് യൂസുഫ് കാക്കഞ്ചേരിയും പവർ ഓഫ് അറ്റോണി സിദ്ദീഖ് തുവ്വൂരുമാണ് കേസിൽ നടപടികൾ വേഗത്തിലാക്കാൻ രംഗത്തുള്ളത്.

### രാജ്യത്തിൻറെ വികസനം തടസപ്പെടുത്താൻ

## വിദേശ ശക്തികൾ ചിലർക്ക് പണം നൽകുന്നു; ആദായനികുതി വകുപ്പ് സുപ്രീം കോടതിയിൽ



ദില്ലി: രാജ്യത്തെ പൊതുവികസന പദ്ധതികൾ തടസപ്പെടുത്താൻ വിദേശശക്തികൾ ഇന്ത്യയിലെ സന്നദ്ധ സംഘടനകൾക്കും, ട്രസ്റ്റുകൾക്കും പണം നൽകുന്നുവെന്ന് ആദായ നികുതി വകുപ്പ്. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിലാണ് ആദായ നികുതി വകുപ്പിന്റെ ആരോപണം. സന്നദ്ധ സംഘടനയായ എൻവിറോണിക്സ് ട്രസ്റ്റ് നൽകിയ ഹർജിയിലാണ് ഇഡി സത്യവാങ്മൂലം സമർപ്പിച്ചത്.

ട്രസ്റ്റിന്റെ നികുതി പുനഃപരിശോധിക്കാൻ ആദായ നികുതി വകുപ്പ് നൽകിയ നോട്ടീസിനെതിരെയാണ് ഹർജി. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദിപങ്കർ ദത്ത എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്. വിദേശശക്തികൾ എൻവിറോണിക്സ് ട്രസ്റ്റിന് പണം നൽകിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് ആദായ നികുതി വകുപ്പ് സുപ്രീം കോടതിയെ അറിയിച്ചു. ട്രസ്റ്റിന് ലഭിക്കുന്ന പണത്തിന്റെ 90 ശതമാനവും വിദേശത്ത് നിന്നാണെന്നും ഇഡി സുപ്രീം കോടതിയിൽ വ്യക്തമാക്കി.ഇതിനുപുറമെ എൻവിറോണിക്സ് ട്രസ്റ്റ് പദ്ധതികൾക്കെതിരെ സമരം ചെയ്യുന്നതിന് വാടകയ്ക്ക് പ്രതിഷേധക്കാരെ ചുമതലപ്പെടുത്തുകയും, അവർക്ക് പണം നൽകുകയും ചെയ്യുന്നതായി കണ്ടെത്തിയെന്നും ഇഡി സത്യവാങ്മൂലത്തിൽ ആരോപിച്ചിട്ടുണ്ട്. ഒഡീഷയിലെ വിവിധ വികസന പദ്ധതികൾക്കെതിരെ നടന്ന സമരങ്ങൾക്ക് എൻവിറോണിക്സ് ട്രസ്റ്റ് നൽകിയ സഹായത്തിന്റെ കണക്കുകളും ആദായനികുതി വകുപ്പ് സുപ്രീം കോടതിക്ക് കൈമാറി. സമരങ്ങളിൽ പങ്കെടുത്തതിന് കേസിൽ ഉൾപ്പെട്ടവർക്ക് 1250 രൂപ വീതം എൻവിറോണിക്സ് ട്രസ്റ്റ് ബാങ്ക് അക്കൗണ്ടിലൂടെ കൈമാറി എന്നാണ് ഇ ഡിയുടെ പ്രധാന കണ്ടെത്തൽ.

## 'നിങ്ങൾ അത്ര നിഷ്കളങ്കൻ അല്ല' നിരുപാധികം മാപ്പ് പറഞ്ഞ ബാബ രാംദേവിനോട് സുപ്രീംകോടതി



ന്യൂഡൽഹി: തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളുമായി ബന്ധപ്പെട്ട കോടതിയലക്ഷ്യ കേസിൽ പതഞ്ജലി ആയുർവേദയുടെ ബാബ രാംദേവും, ആചാര്യ ബാലകൃഷ്ണനും സുപ്രീം കോടതിയിൽ നിരുപാധികം മാപ്പ് പറഞ്ഞു. ഭാവിയിൽ ഈ തെറ്റ് ആവർത്തിക്കില്ലെന്ന് ഇരുവരും കൂപ്പുകൈകളോടെ സുപ്രീം കോടതിയെ അറിയിച്ചു. എന്നാൽ ബാബ രാം ദേവ് അത്ര നിഷ്കളങ്കനല്ലെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു.

മാപ്പ് പറഞ്ഞ് കൊണ്ട് ഇരുവരും സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ കോടതി നേരത്തെ കടുത്ത അതൃപ്തി രേഖപ്പെടുത്തിയിരുന്നു. ഇന്ന് കേസ് കോടതിയുടെ പരിഗണനയ്ക്ക് എടുത്തപ്പോൾ ഇരുവരും നിരുപാധികം മാപ്പ് പറയുന്നതായി സീനിയർ അഭിഭാഷകൻ മുകുൾ റോത്തഗി കോടതിയെ അറിയിച്ചു. തുടർന്ന് ഇരുവരോടും സംസാരിക്കാൻ ജസ്റ്റിസുമാരായ ഹിമ കോലിയും, എ അമാനുള്ളയും അടങ്ങിയ ബെഞ്ച് ആവശ്യപ്പെടുകയായിരുന്നു.

നിയമത്തിനുള്ളിൽ നിന്ന് കൊണ്ട് മാത്രമേ അലോപ്പതി ഉൾപ്പടെ മറ്റ് ചിത്സരീതികളെ വിമർശിക്കാവൂ എന്ന് ഇരുവരോടും സുപ്രീംകോടതി നിർദേശിച്ചു. ഏതെങ്കിലും ഒരു വ്യക്തിയെയോ, സ്ഥാപനത്തെയോ ലക്ഷ്യം വച്ചല്ല കോടതി അലക്ഷ്യ നടപടിയെന്നും, എല്ലാവരും നിയമം അനുസരിക്കാൻ ബാധ്യസ്ഥരാണെന്ന് തെളിയിക്കാൻ വേണ്ടിയാണ് നടപടിയെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. ഇരുവരുടെയും മാപ്പ് അംഗീകരിക്കുന്നുവോ, നിരാകരിക്കുന്നുവോ എന്ന് കോടതി വ്യക്തമാക്കിയിട്ടില്ല. ഏപ്രിൽ 23ന് ഇരുവരോടും സുപ്രീംകോടതിയിൽ ഹാജരായിരിക്കാൻ സുപ്രീം കോടതി നിർദേശിച്ചു.

## സിവിൽ സർവീസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു; 4-ാം റാങ്ക് മലയാളിക്ക്

ദില്ലി: സിവിൽ സർവീസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. ലഖ്നൗ സ്വദേശി ആദിത്യ ശ്രീവാസ്തവയാണ് ഒന്നാം റാങ്ക് നേരിയത്. നാലാം റാങ്ക് മലയാളിയായ സിദ്ധാർത്ഥ് റാം കുമാറിനാണ്.

എറണാകുളം സ്വദേശിയാണ് സിദ്ധാർത്ഥ് റാം കുമാർ. ആദ്യ റാങ്കുകളിൽ നിരവധി മലയാളിൽ ഉൾപ്പെട്ടിട്ടുണ്ട്. വിഷ്ണു ശശികുമാർ (31 റാങ്ക്), അർച്ചന പി പി (40 റാങ്ക്), രമ്യ ആർ ( 45 റാങ്ക്), ബിൻ ജോ പി ജോസ് (59 റാങ്ക്), ആനി ജോർജ് (93 റാങ്ക്), ജി ഹരിശങ്കർ (107 റാങ്ക്) എന്നിവരാണ് റാങ്ക് നേടിയ മലയാളികൾ.

## കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ തീപ്പിടുത്തം

ദില്ലി: കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ തീപ്പിടുത്തം. പാർലമെന്റിലെ നോർത്ത് ബ്ലോക്കിലെ കെട്ടിടത്തിലാണ് തീ കണ്ടത്.

രാവിലെ 9.22 നാണ് തീ കണ്ടതെന്നും ഉടൻ അണച്ചെന്നും ഉദ്യോഗസ്ഥർ പറയുന്നു. എസിയിൽ നിന്നാണ് തീ പടർന്നതെന്ന് പരിശോധനയിൽ കണ്ടെത്തിയതായും കംപ്യൂട്ടറുകളും ചില രേഖകളും കത്തി നശിച്ചുവെന്നും ഉദ്യോഗസ്ഥർ പ്രതികരിച്ചു. സംഭവത്തിൽ കൂടുതൽ പരിശോധന തുടരുകയാണ്.

## സംസ്ഥാനത്ത് വ്യാഴാഴ്ചയോടെ മഴ ശക്തിപ്രാപിക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് വ്യാഴാഴ്ചയോടെ വേനൽ മഴ ശക്തിപ്രാപിക്കാൻ സാധ്യത. എല്ലാ ജില്ലകളിലും വ്യാഴം, വെള്ളി ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ വ്യാപക മഴയാണ് പ്രവചിക്കുന്നത്. ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വ്യാഴാഴ്ചയും വെള്ളിയാഴ്ചയും കോഴിക്കോട്, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ ലഭിക്കുന്ന ശക്തമായ മഴയാണ് യെല്ലോ അലർട്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. അതിനിടെ സംസ്ഥാനത്ത് ബുധനാഴ്ച വരെ ഉയർന്ന താപനില മുന്നറിയിപ്പും നൽകി. ജാഗ്രതയുടെ ഭാഗമായി 11 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39°-C വരെയും തൃശ്ശൂർ ജില്ലയിൽ 38°-C വരെയും കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37°-C വരെയും ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കാസർകോട് ജില്ലകളിൽ 36°-C വരെയും ഈ ദിവസങ്ങളിൽ രേഖപ്പെടുത്താൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

സാധാരണയെക്കാൾ 2 - 4 ഡിഗ്രി വരെ ചൂട് കൂടാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ ഈ ദിവസങ്ങളിൽ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ബുധനാഴ്ച രാത്രി രാത്രി 11.30 വരെ 0.5 മുതൽ 1.1 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

## അഫ്ഗാനിലെ ഹിന്ദുക്കളുടെയും സിഖുകാരുടെയും അവകാശങ്ങൾ സംരക്ഷിക്കും; അപഹരിക്കപ്പെട്ട ഭൂസ്വത്തുക്കൾ തിരിച്ചുനൽകും- താലിബാൻ

ന്യൂഡൽഹി: അഫ്ഗാനിസ്താനിലെ സ്വന്തം വീടുകളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട ഹിന്ദു-സിഖ് കുടുംബങ്ങളുടെ ഭൂസ്വത്തുക്കളെല്ലാം തിരിച്ചു നൽകുമെന്ന് താലിബാൻ. ഇവരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും എല്ലാവിധ സംരക്ഷണവും ഉറപ്പുവരുത്തുമെന്നും താലിബാൻ നീതിന്യായ മന്ത്രാലയം വക്താവ് ഹാഫിസ് ബറകത്തുല്ല റസൂലി അറിയിച്ചു. 'ദ ഹിന്ദു'വിനോടാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

സ്വന്തം ഭൂമിയിൽനിന്ന് ആട്ടിയോടിക്കപ്പെട്ട ഹിന്ദു, സിഖ് വിഭാഗങ്ങളുമായി കേന്ദ്രത്തിലും പ്രവിശ്യയിലുമുള്ള ബന്ധപ്പെട്ട വകുപ്പുകൾ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്ന് ഹാഫിസ് ബറകത്തുല്ല അറിയിച്ചു. തിരിച്ചറിയൽ നടപടിക്രമങ്ങൾക്കുശേഷം എല്ലാവർക്കും ഭൂമി തിരിച്ചുനൽകും. ഇതിനായി പ്രത്യേക കമ്മിഷൻ പ്രവർത്തിക്കുന്നുണ്ടെന്നും അഫ്ഗാനിസ്താനിലെ ന്യൂനപക്ഷ സമൂഹത്തിന്റെ സ്വത്തവകാശങ്ങൾ ഉൾപ്പെടെ സംരക്ഷിക്കാൻ താലിബാൻ പ്രതിജ്ഞാബദ്ധമാണെന്നും ഇദ്ദേഹം ദ ഹിന്ദുവിനോട് വ്യക്തമാക്കി.

ഇസ്‌ലാമിക ശരീഅത്ത് നിയമങ്ങൾക്കനുസരിച്ച് ഹിന്ദു, സിഖ് ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇസ്‌ലാമിക് എമിറേറ്റ് ഓഫ് അഫ്ഗാനിസ്താൻ പ്രതിജ്ഞാബദ്ധമാണെന്ന് ഹാഫിസ് ബറകത്തുല്ല റസൂലി അറിയിച്ചു. മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് ഹനഫി കർമശാസ്ത്രത്തിൽ വിശദമായ വകുപ്പുകൾ തന്നെയുണ്ട്. തങ്ങളുടെ ഭരണകൂടം ആ അവകാശങ്ങളെല്ലാം സംരക്ഷിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. വലിയൊരു വിഭാഗം ഹിന്ദു-സിഖ് പ്രതിനിധി സംഘം നീതിന്യായ മന്ത്രിയുമായി ഒരു മാസം മുൻപ് കൂടിക്കാഴ്ച നടത്തി നിവേദനങ്ങൾ സമർപ്പിച്ച വിവരവും മന്ത്രാലയം വക്താവ് വെളിപ്പെടുത്തി.

തങ്ങളുടെ ഭരണക്കാലത്തിനു മുൻപ് വീടുകളിൽനിന്ന് ആട്ടിയോടിക്കപ്പെട്ട ഹിന്ദു-സിഖ് കുടുംബങ്ങൾക്കു സ്വത്തുക്കൾ തിരിച്ചുനൽകാനായി നീതിന്യായ മന്ത്രി അബ്ദുൽ ഹകീം ശറഈയ്ക്കു കീഴിൽ പ്രത്യേക കമ്മിഷൻ രൂപീകരിച്ചതായി നേരത്തെ താലിബാൻ രാഷ്ട്രീയ വിഭാഗം തലവൻ സുഹൈൽ ഷാഹീനും അറിയിച്ചിരുന്നു. 2021ൽ താലിബാൻ അധികാരം പിടിച്ചതിനു പിന്നാലെ കാനഡയിലേക്കു രക്ഷപ്പെട്ട മുൻ അഫ്ഗാൻ പാർലമെന്റ് അംഗം നരേന്ദ്ര സിങ് ഖൽസ അടുത്തിടെ അഫ്ഗാനിലേക്കു മടങ്ങിയെത്തിയിരുന്നു. എല്ലാവിധ സംരക്ഷണവും നൽകുമെന്ന് താലിബാൻ ഉറപ്പു നൽകിയതിനു പിന്നാലെയായിരുന്നു അദ്ദേഹം അഫ്ഗാനിലേക്കു മടങ്ങിയത്.

താലിബാന്റെ നടപടിയെ കേന്ദ്ര സർക്കാർ സ്വാഗതം ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ സമുദായത്തിന്റെ ഭൂസ്വത്തുക്കൾ തിരിച്ചുനൽകാനുള്ള താലിബാൻ കൈക്കൊണ്ട പുതിയ തീരുമാനം ഗുണപരമായ പുതിയ നീക്കമാണെന്നാണ് കേന്ദ്ര വിദേശകാര്യ മന്ത്രാലയം വക്താവ് രൺധീർ ജെയ്സ്വാൾ പ്രതികരിച്ചത്.

## ജമ്മു കശ്മീരിലെ ഝലം നദിയിൽ ബോട്ട് മറിഞ്ഞ് ആറുപേർ മരിച്ചു; 10 പേരെ കാണാനില്ല



ശ്രീനഗർ: ജമ്മു കശ്മീരിലെ ഝലം നദിയിൽ ബോട്ട് മറിഞ്ഞ് നാല് കുട്ടികളടക്കം ആറുപേർ മരിച്ചു. 10 പേരെ കാണാനില്ല. 20 പേരാണ് ബോട്ടിൽ ഉണ്ടായിരുന്നത്. ബോട്ടിൽ ഉണ്ടായിരുന്നിവരിൽ കൂടുതലും കുട്ടികളായിരുന്നുവെന്നാണ് വിവരം.

മേഖലയിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളായി കനത്ത മഴ തുടരുന്നതിനാൽ ജലനിരപ്പ് ഉയർന്ന നിലയിലാണ്. സംസ്ഥാന ദുരന്തനിവാരണ സേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി പൊലീസിന്റെയും ദുരന്തനിവാരണ സേനയുടെയും മുതിർന്ന ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയിട്ടുണ്ട്.

കനത്ത മഴയിൽ മണ്ണിടിച്ചിലുണ്ടായതിനെ തുടർന്ന് ജമ്മു-ശ്രീനഗർ നാഷണൽ ഹൈവേ തിങ്കളാഴ്ച അടച്ചിരുന്നു. ഇതുവഴിയുള്ള യാത്രകൾ ഒഴിവാക്കണമെന്ന് ജമ്മു കശ്മീർ ട്രാഫിക് പൊലീസ് ആവശ്യപ്പെട്ടു.

# ലോക് സഭാ തെരഞ്ഞെടുപ്പ്: വെൽഫെയർ പാർട്ടി പിന്തുണ യു. ഡി. എഫിന്

തിരുവനന്തപുരം: ലോക് സഭാ തെരഞ്ഞെടുപ്പിൽ വെൽഫെയർ പാർട്ടി യു.ഡി.എഫിനെ പിന്തുണക്കുമെന്ന് സംസ്ഥാന പ്രസിഡൻ്റ് റസാഖ് പാലേരി വാർത്താസമ്മേളനത്തിൽ അറിയിച്ചു. തെരഞ്ഞെടുപ്പിലൂടെ സംഘ്പരിവാറിനെ താഴെയിറക്കണം. പ്രതിപക്ഷ ഐക്യം രാജ്യത്തിന് പ്രതീക്ഷ നൽകുന്നുവെന്നും അദ്ദേഹം പറഞ്ഞു. ബി.ജെ.പിയുടെ വാട്ടർലൂ ആകും ഈ തെരഞ്ഞെടുപ്പ്. സവർണ ഹിന്ദുത്വ രാജ്യം നിർമിക്കാനാന് ആർ.എസ്.എസ് ശ്രമം.കേരളത്തിൽ പ്രധാനമായും മത്സര രംഗത്തുള്ളത് യു.ഡി.എഫും എൽ.ഡി.എഫുമാണ്. രണ്ട് മുന്നണികളും ഇൻഡ്യാ മുന്നണിയുടെ ഭാഗമാണ്. കോൺഗ്രസാണ് ഇൻഡ്യാ മുന്നണി രൂപീകരിക്കുന്നതിൽ വലിയ പങ്കുവഹിച്ചത്. കൂടുതൽ സീറ്റുള്ള കക്ഷിയായി കോൺഗ്രസ് വന്നാൽ മാത്രമാണ് ഇന്ത്യയിൽ പ്രതിപക്ഷമുന്നണിക്ക് ഭരണം രൂപപ്പെടുത്തിയെടുക്കാനാവുകയുള്ളുവെന്നും റസാഖ് പാലേരി പറഞ്ഞു.ഗുജറാത്തിലെ പോലെ മണിപ്പൂരിൽ ക്രൈസ്തവ ഉന്മൂലനമാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ജനറൽ സെക്രട്ടറി സുരേന്ദ്രൻ കരിപ്പുഴ,സംസ്ഥാന വൈസ് പ്രസിഡൻ്റ് കെ.എ. ഷഫീഖ് എന്നിവർ പങ്കെടുത്തു.



## ചീങ്കണിയുടെ ആക്രമണം; പ്ലസ്ടു വിദ്യാർഥി ആശുപത്രിയിൽ

തൃശൂർ: വാൽപ്പാറയിൽ ചീങ്കണി ആക്രമണത്തിൽ പ്ലസ്ടു വിദ്യാർഥിക്ക് പരിക്ക്. കൈയ്ക്കും കാലിനും പരിക്കേറ്റ മാനാമ്പള്ളി സ്വദേശി അജയിനെ വാൽപ്പാറയിലെ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.പവർ ഹൗസിന് സമീപം പുഴയിൽ കുളിക്കുന്നതിനിടെയാണ് സംഭവം. അജയിനെ ചീങ്കണി ആക്രമിക്കുകയായിരുന്നു. പരിക്ക് സാരമുള്ളതല്ല. ആദ്യമായിട്ടാണ് വാൽപ്പാറയിൽ ചീങ്കണിയുടെ ആക്രമണം റിപ്പോർട്ട് ചെയ്യുന്നതെന്ന് വനംവകുപ്പ് അറിയിച്ചു. അതിനാൽ പുഴയിൽ ഇറങ്ങുന്നവർ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ് നൽകി.



## 'ആകാശത്ത് വർണ വിസ്മയം'; തൃശൂർ പൂരം സാമ്പിൾ വെടിക്കെട്ട് നാളെ

തൃശൂർ: തൃശൂർ പൂരത്തിന്റെ ഭാഗമായുള്ള സാമ്പിൾ വെടിക്കെട്ട് നാളെ. ബുധനാഴ്ച രാത്രി 7.30ന് തിരുവമ്പാടി വിഭാഗം വെടിക്കെട്ടിന് ആദ്യം തിരി കൊളുത്തും. തുടർന്ന് പാറമേക്കാവും.

തൃശൂർ പൂരത്തിന്റെ വെടിക്കെട്ടിന് ഇത്തവണ തിരുവമ്പാടി, പാറമേക്കാവ് വിഭാഗങ്ങളെ നയിക്കുക ഒരാളാണ്. നൂറ്റാണ്ടുകൾ പിന്നിട്ട ചരിത്രത്തിൽ ആദ്യമായാണ് രണ്ടുവിഭാഗങ്ങളുടെ വെടിക്കെട്ട് ചുമതല ഒരാളിലേക്കെത്തുന്നത്.

മുണ്ടത്തിക്കോട് സ്വദേശി പി എം സതീശാണ് ഇരുവിഭാഗത്തിന്റെയും വെടിക്കെട്ട് ചുമതല. കഴിഞ്ഞ തവണ തിരുവമ്പാടി വിഭാഗത്തിന്റെ വെടിക്കെട്ട് ചുമതല ഇദ്ദേഹത്തിനായിരുന്നു. നഗരം കനത്ത പൊലീസ് സുരക്ഷാവലയത്തിലാണ്. സ്വരാജ് റൗണ്ടിന്റെ വിവിധ ഭാഗങ്ങളിൽ പെസോയും പൊലീസും അനുവദിച്ച സ്ഥലങ്ങളിൽനിന്ന് വെടിക്കെട്ട് കാണാം.

ബഹുവർണ അമിട്ടുകൾ, ഗുണ്ട്, കുഴിമിന്നി, ഓലപ്പടക്കം തുടങ്ങിയവ വെടിക്കെട്ടിന് വർണശോഭ നൽകും. 20ന് പുലർച്ചെ മൂന്നിനാണ് പ്രധാന വെടിക്കെട്ട്. പകൽപ്പൂരത്തിന് ഉപചാരം ചൊല്ലിപ്പിരിഞ്ഞ ശേഷവും വെടിക്കെട്ടുണ്ടാകും.

## കൊച്ചിയിലെ സുരക്ഷാ ദുരന്തം

# മനുഷ്യാവകാശ കമ്മീഷൻ ഇടപെടണം

പ്രധാന മന്ത്രിയുടെ സുരക്ഷക്കായി പോലീസ് ഏർപ്പെടുത്തിയ സുരക്ഷാ നടപടിയിൽ ഒരു ജീവിതം കൂടി പൊലിഞ്ഞു എന്ന ദു:ഖവാർത്തായണ് ഇന്നലെ നാം കേട്ടത്. 2012ൽ സമാന സംഭവം തിരുവനന്തപുരത്തും ഉണ്ടായിട്ടുണ്ട്. വിവിഐപികളുടെ സുരക്ഷാ ചുമതല ഉറപ്പാക്കേണ്ട ബാധ്യത പോലീസിനുള്ള പോലെ തന്നെ പൊതുജനങ്ങളുടെ ജീവനും സംരക്ഷണം നൽകേണ്ട ഉത്തരവാദിത്തം പോലീസ് മറന്നതാണ് ഇത്തരം ദാരുണ സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ കാരണമെന്ന് വ്യാപക ആക്ഷേപമുയർന്നിട്ടുണ്ട്. കൊച്ചിയിൽ മരണപ്പെട്ട മനോജ് ഉണ്ണിയുടെ ബന്ധുക്കൾ ഇതുന്നയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സമാന സംഭവങ്ങൾ ഉണ്ടായപ്പോഴാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ റോഡിന് കുറുകെ വട്ടം കെട്ടരുതെന്ന ഉത്തരവിറക്കിയത്. ആ ഉത്തരവിന് യാതൊരു വിലയും അധികാരികൾ നൽകിയിട്ടില്ല എന്നതാണ് കൊച്ചിയിലുണ്ടായ ദുരന്തം വിളിച്ചോതുന്നത്.

മനോജ് അമിത വേഗതയിലാണ് വണ്ടി ഓടിച്ചിരുന്നതെന്നും, വടത്തിന് മുൻപിൽ പോലീസുകാർ ഉണ്ടായിരുന്നെന്നും കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പറഞ്ഞിട്ടുണ്ട്. എന്തൊക്കെ ന്യായീകരണം പറഞ്ഞാലും ഒരു മനുഷ്യ ജീവൻ നഷ്ടപ്പെട്ടിരിക്കുകയാണ്. സാധാരണ ട്രാഫിക് ബ്ലോക്ക് ചെയ്യാൻ പോലീസ് ബാരിക്കേഡുകളോ കനം കുറഞ്ഞ റിബണുകളോ ആണ് ഉപയോഗിക്കാറ്. ബാരിക്കേഡുണ്ടായിരുന്നെങ്കിൽ മനോജിന്റെ ജീവൻ നഷ്ടപ്പെടില്ലായിരുന്നുവെന്ന് ബന്ധുക്കളും പറഞ്ഞിട്ടുണ്ട്. ഈ ഭാഗത്ത് വെളിച്ചമില്ലായിരുന്നുവെന്നും അവർ കുറ്റപ്പെടുത്തി.

മനോജിന്റെ മരണം നിരവധി ചോദ്യങ്ങളാണ് സമൂഹത്തോട് ഉയർത്തുന്നത്. വിവിഐപികളെ പോലെ പ്രധാനമല്ലേ സാധാരണക്കാരന്റെ ജീവനും. ഇത്തരം അനുഭവങ്ങൾ ആവർത്തിക്കപ്പെടുമ്പോഴും മുൻ ഉത്തരവുകൾ പാലിക്കാത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ടതല്ലേ. ഇനിയും ഇത്തരം സംഭവങ്ങളിൽ മനുഷ്യ ജീവൻ പൊലിയാൻ പാടില്ല. അതിനാവശ്യമായ ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കണം. വിവിഐപികളുടെ സന്ദർശന വേളയിലെടുക്കുന്ന മുൻ കരുതലുകൾ പൊതുജനങ്ങളെ അറിയിക്കാൻ ഫലപ്രദമായ സംവിധാനം ഒരുക്കണം. സുരക്ഷയുടെ പേരിലുണ്ടാവുന്ന ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ, ഉറ്റവർ നഷ്ടപ്പെട്ടവരുടെ കണ്ണീർ വീഴാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## ഇന്നത്തെ പരിപാടി

ബീച്ച് മറൈൻ ഡ്രൈവ് ഗ്രൗണ്ട്: വണ്ടർകാർണിവൽ 4.00

അളകാപുരി: കേന്ദ്ര സാഹിത്യ അക്കാദമിയുടെ വിവർത്തനത്തിനുള്ള പുരസ്കാരം ലഭിച്ച ഡോ. പികെ രാധാമണിക്ക് ആദരം 5.00

ഹോട്ടൽ മലബാർ പാലസ്: കാലിക്കറ്റ് മാനേജ്മെന്റ് അസോസിയേഷൻ ഭാരവാഹികളുടെ സ്ഥാനാരോഹണം മുഖ്യാതിഥി ചീഫ് സെക്രട്ടറി വി വേണു 5.30

## ചരമം

**ടിയു ഔസേപ്പ്**

കോവൂർ: ദേവഗിരി സാവിയോ ഹൈസ്കൂൾ റിട്ട. അധ്യാപകൻ തുമ്പുങ്ങൽ ടിയു ഔസേപ്പ് (86). മക്കൾ ഡോ ഷീബ. ടി ജോസഫ് എഇഇ. കെഎസ്ഇബി നല്ലളം). മരുമക്കൾ: ടിവി ജയിംസ് ,ബസ്സി ഫിലിപ്പ്.

**സുബ്രഹ്മണ്യൻ**

മണ്ണൂർ വളവ്: ചെറിയ പറമ്പത്ത് സുബ്രഹ്മണ്യൻ (66) അന്തരിച്ചു. ഭാര്യ സുഭദ്ര. മക്കൾ: ഷൗന. ഉണ്ണിമായ. മരുമക്കൾ: മിഥുൻ ദാസ്. സഹോദരങ്ങൾ: യശോദ. രാധ, സുനിത.

**ആശാലത**

മണ്ണൂർ: പ്രബോധിനിക്ക് സമീപം മാനാമ്പലത്ത് കുമ്മഞ്ചേരി ആശാലത (65). പരേതനായ മേനോത്ത് കുട്ടികൃഷ്ണൻ നായരുടെയും മാധവിക്കുട്ടിയമ്മയുടെയും മകളാണ്.

# പ്രമുഖ കന്നഡ നടൻ ദ്വാരകീഷ് അന്തരിച്ചു

ബംഗളൂരു: പ്രമുഖ കന്നഡ സിനിമാ നടനും സംവിധായകനും നിർമ്മാതാവുമായ ബംഗിൾ ഷാമ റാവു ദ്വാരകനാഥ് (ദ്വാരകീഷ്- 81) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം.

നൂറിലധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ള ദ്വാരകനാഥ് 50ലധികം ചിത്രങ്ങൾ നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. 1942 ഓഗസ്റ്റ് 19 ന് മൈസൂരു ജില്ലയിലെ ഹുൻസൂരിൽ ജനിച്ച ദ്വാരകീഷ് ഹാസ്യ വേഷങ്ങളിലൂടെയാണ് ജനഹൃദയങ്ങളിൽ ഇടംനേടിയത്.

പ്രശസ്ത ഹിന്ദി പിന്നണി ഗായകൻ കിഷോർ കുമാറിനെ കന്നഡ സിനിമാ വ്യവസായത്തിന് പരിചയപ്പെടുത്തിയത് ദ്വാരകീഷ് ആണ്. മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ഡിപ്ലോമ കരസ്ഥമാക്കിയ ദ്വാരകീഷ് 1966 ൽ തുംഗ പിക്ചേഴ്സിന്റെ ബാനറിൽ 'മമതേയ ബന്ധന' നിർമ്മിച്ചു കൊണ്ടാണ് സിനിമാലോകത്തേയ്ക്ക് കടന്നുവന്നത്.

'മേയർ മുത്തണ്ണ' എന്ന ചിത്രത്തിലൂടെ നിർമ്മാതാവ് എന്ന നിലയിൽ അദ്ദേഹം വലിയ വിജയം നേടി. പ്രമുഖ കന്നഡ നടൻ ഡോ. രാജ്കുമാറും ഭാരതിയുമാണ് പ്രധാന വേഷങ്ങളിൽ എത്തിയത്.

## വിവാഹേതര ബന്ധമെന്ന് സംശയം; ഉറങ്ങിക്കിടന്ന ഭർത്താവിൻറെ മുഖത്ത് തിളച്ച വെള്ളമൊഴിച്ച് യുവതി, അറസ്റ്റിൽ

ലഖ്നൗ: വിവാഹേതര ബന്ധമുണ്ടെന്ന് ആരോപിച്ച് ഉറങ്ങിക്കിടന്ന ഭർത്താവിൻറെ മുഖത്ത് ഭാര്യ തിളച്ച വെള്ളമൊഴിച്ചു. കൂടാതെ കുടുംബാംഗങ്ങളുമായി ചേർന്ന് യുവാവിനെ മർദിക്കുകയും ടെറസിൽ തള്ളിയിടുകയും ചെയ്തു. യുവതിയെ അറസ്റ്റ് ചെയ്തതായി യുപി പൊലീസ് അറിയിച്ചു.

ശനിയാഴ്ച രാത്രി ഗോരഖ്പൂരിൽ നിന്ന് 50 കിലോമീറ്റർ അകലെയുള്ള ഡിയോറിയയിലാണ് സംഭവം. അമൃത റായിയാണ് ഭർത്താവ് ആശിഷ് കുമാർ റായിയെ ഉപദ്രവിച്ചത്. "ഭാര്യയുടെ അച്ഛനമ്മമാരെ കാണാനെത്തിയതായിരുന്നു ഞാൻ. അവരെൻറ് ബൈക്കിൻറെ താക്കോലും മൊബൈൽ ഫോണും പിടിച്ചെടുത്തു. താക്കോൽ ചോദിച്ചപ്പോൾ അന്നവിടെ താമസിക്കണമെന്നു ആവശ്യപ്പെടുകയും ഞാൻ സമ്മതിക്കുകയും ചെയ്തു. രാത്രി എല്ലാവരും ഉറങ്ങാൻ കിടന്നപ്പോഴാണ് സംഭവം" ബാലിയ സ്വദേശിയായ ആശിഷ് പൊലീസിനോട് പറഞ്ഞു.

"രാത്രി മൂന്നുമണിക്ക് ഭാര്യ ബാത്റൂമിൽ പോയിട്ട് വരാമെന്ന് പറഞ്ഞ് എഴുന്നേറ്റ് പോയി. ആ സമയം സഹോദരി തിളച്ച വെള്ളം തയ്യാറാക്കി വച്ചിട്ടുണ്ടായിരുന്നു. ഞാൻ ഉറങ്ങുമ്പോൾ അവൾ എന്റെ മേൽ വെള്ളമൊഴിച്ചു. ഞാൻ ഓടാൻ ശ്രമിച്ചപ്പോൾ അവർ എന്നെ പിടിച്ച് മർദിക്കാൻ തുടങ്ങി.അവർ എന്നെ ടെറസിൽ നിന്ന് തള്ളിയിട്ടു," റായ് കൂട്ടിച്ചേർത്തു.

# ഇടവിട്ടുള്ള മഴയത്ത് ഡെങ്കിപ്പനി വ്യാപിക്കാൻ സാധ്യത; സ്വയം ചികിത്സ അരുതെന്ന് ആരോഗ്യവകുപ്പ്

തിരുവനന്തപുരം: ഇടവിട്ടുള്ള മഴ കാരണം ഡെങ്കിപ്പനി ഉൾപ്പെടെയുള്ള കൊതുകുജന്യ രോഗങ്ങൾ വർധിക്കാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്. ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലേറിയ, ഫൈലേറിയസിസ്, സിക്ക തുടങ്ങിയ ഗുരുതര രോഗങ്ങൾ കൊതുക് വഴി പരത്താൻ സാധ്യതയുണ്ട്. അതിനാൽ കൊതുകിന്റെ ഉറവിട നശീകരണത്തിന് പ്രാധാന്യം നൽകണം. വീടിനകത്തും പുറത്തും വെള്ളം കെട്ടി നിൽക്കാൻ അനുവദിക്കരുത്. കൊതുകുകടി ഏൽക്കാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്നും മന്ത്രി നിർദേശം നൽകി.

ഈഡിസ് ഈജിപ്റ്റി കൊതുകുകൾ പരത്തുന്ന ഡെങ്കു വൈറസ് മൂലമുണ്ടാകുന്ന രോഗമാണ് ഡെങ്കിപ്പനി. കെട്ടിക്കിടക്കുന്ന ശുദ്ധജലത്തിലാണ് ഇത്തരം കൊതുകുകൾ മുട്ടയിട്ട് വളരുന്നത്. കൊതുകുവഴി മാത്രമേ ഡെങ്കിപ്പനി ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുകയുള്ളൂ.

മുതിർന്നവരെയും കുട്ടികളെയും ഒരുപോലെ ബാധിക്കുന്ന രോഗമാണ് ഡെങ്കിപ്പനി. ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ സാധാരണ വൈറൽ പനിയിൽ നിന്ന് വ്യത്യസ്തമല്ലാത്തതിനാൽ പലപ്പോഴും ഡെങ്കിപ്പനി തിരിച്ചറിയാൻ വൈകുന്നു. പെട്ടെന്നുള്ള കടുത്ത പനിയാണ് തുടക്കം. ആരംഭത്തിൽ തലവേദന, പേശിവേദന, വിശപ്പില്ലായ്മ, മനം പുരട്ടൽ, ഛർദി, ക്ഷീണം, തൊണ്ടവേദന, ചെറിയ ചുമ തുടങ്ങിയ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഈ രോഗലക്ഷണങ്ങൾ എല്ലാം തന്നെ സാധാരണ പനിയോട് സാമ്യമുള്ളവയാണ്. കണ്ണിനു പുറകിലെ വേദന ഡെങ്കിപ്പനിയുടെ പ്രത്യേകതയാണ്. രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ അളവ് പെട്ടെന്ന് കുറയാൻ സാധ്യതയുള്ളതിനാൽ ആരംഭത്തിൽ തന്നെ വിദഗ്ധ ചികിത്സ ലഭ്യമാക്കേണ്ടതാണ്.

ചെറിയ പനി വന്നാൽ പോലും ഡെങ്കിപ്പനിയുടെ ലക്ഷണമെന്നു തോന്നിയാൽ ധാരാളം പാനീയങ്ങൾ കുടിക്കാൻ കൊടുക്കുക. പനി കുറയുന്നതിനുള്ള മരുന്ന് കൊടുത്തതിന് ശേഷം എത്രയും പെട്ടെന്ന് ആശുപത്രിയിൽ വിദഗ്ധ ചികിത്സ തേടുക. ഏത് പനിയും പകർച്ചപ്പനി ആകാമെന്നതിനാൽ സ്വയം ചികിത്സിക്കരുതെന്നും ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പിൽ പറയുന്നു.

## മാസപ്പടി കേസ്; ശശിധരൻ കർത്തയ്ക്ക് വീണ്ടും ഇ.ഡി നോട്ടീസ്

കൊച്ചി: മാസപ്പടി കേസിൽ സിഎംആർഎൽ എം.ഡി ശശിധരൻ കർത്തയ്ക്ക് വീണ്ടും നോട്ടീസ് അയച്ച് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്.ഇന്നലെ ഹാജരാകാൻ കർത്തയോട് ഇ.ഡി ആവശ്യപ്പെട്ടെങ്കിലും ആരോഗ്യ കാരണങ്ങളാൽ ഹാജരായില്ല.

അതുകൊണ്ട് വീണ്ടും നോട്ടീസ് അയക്കുകയായിരുന്നു.ഇന്ന് കൊച്ചി ഓഫീസിൽ ഹാജരാകാനാണ് നിർദേശം.രേഖകൾ ഹാജരാക്കാനും ഇ.ഡി നിർദേശം നൽകിയിട്ടുണ്ട്. അതേസമയം സി.എം.ആർ.എൽ ഉദ്യോഗസ്ഥരായ ചന്ദ്രശേഖരൻ, സുരേഷ് കുമാർ, അഞ്ജു എന്നിവർ ഇന്നലെ ഇ.ഡിയ്ക്ക് മുമ്പിൽ ഹാജരായി.

മുഖ്യമന്ത്രിയുടെ മകൾ ടി.വീണയുടെ കമ്പനിയായ എക്സാലോജിക്ക് യതൊരുവിധ സേവനവും നൽകാതെ കരിമണൽ കമ്പനിയായ സി.എം.ആർ.എല്ലിൽ നിന്ന് 1.72 കോടി കൈപ്പറ്റിയെന്നാണ് ആരോപണം.

എക്സാലോജിക്കുമായി ഉണ്ടാക്കിയ കരാറും നടത്തിയ പണമിടപാടുകളുടെ രേഖകളും ഹാജരാക്കാനും സിഎംആർഎൽ പ്രതിനിധികൾക്ക് ഇ ഡി നിർദ്ദേശം നൽകിയിട്ടുണ്ട്. സിഎംആർഎൽ പ്രതിനിധികളിൽ നിന്ന് വിവരശേഖരണം നടത്തിയ ശേഷം മുഖ്യമന്ത്രിയുടെ മകൾ ടി വീണയെ ചോദ്യം ചെയ്യാനാണ് ഇ.ഡി നീക്കം.

മാസപ്പടി കേസ് അന്വേഷണത്തിൽ ഇടപെടാനാകില്ലെന്ന് ഹൈക്കോടതി കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. കേസിൽ ഈ ഘട്ടത്തിൽ ഇടപെടരുതെന്ന് ഇ.ഡി കോടതിയിൽ ആവശ്യപ്പെട്ടതിന് പിന്നാലെയായിരുന്നു നടപടി.

## ഉസ്മാൻ ഒഞ്ചിയം ഒരിയാനയുടെ എസ്.കെ. അശുപത്രിയിലാണ് (ചെറുകഥാ സമാഹാരം) വായനക്കാരിലേക്ക്






അഞ്ച് പതിറ്റാണ്ടായി സാഹിത്യവീഥിയിൽ ശ്രദ്ധേയ രചനകൾ സംഭാവന ചെയ്ത ഉസ്മാൻ ഒഞ്ചിയം ഒരിയാന രചിച്ച എസ്.കെ.ആശുപത്രിയിലാണ് (ചെറുകഥാ സമാഹാരം) ഉടൻ വായനക്കാരിലെത്തും. നാല് പതിറ്റാണ്ട് കാലത്തോളം പ്രവാസ ജീവിതം നയിച്ച ഉസ്മാൻ ഒഞ്ചിയം ഒരിയാന, പ്രവാസ ജീവിതത്തിന്റെ ആരംഭ കാലം മുതൽക്ക് തന്നെ ചന്ദ്രിക, ജനയുഗം എന്നീ പ്രസിദ്ധീകരണങ്ങളിൽ കഥകൾ എഴുതാറുണ്ടായിരുന്നു. മലയാളത്തിലെ എക്കാലത്തെയും തലമുതിർന്ന നിരൂപകനായിരുന്ന എം.കൃഷ്ണൻനായരുടെ പരാമർശത്തിലൂടെ ഇദ്ദേഹത്തിന്റെ രചനകൾ കൂടുതൽ ശ്രദ്ധേയമായി. ഉസ്മാൻ ഒഞ്ചിയം ഒരിയാനയുടെ രണ്ടാമത്തെ പുസ്തകമായ എന്റെ വീട് പൊള്ളയാണ് (ചെറുകഥാ സമാഹാരം) 2021ലാണ് പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചത്. പ്രവാസത്തിന്റെ അനുഭവങ്ങളും, സാമൂഹിക ജീവിതത്തിലേക്ക് തുറന്നു പിടിച്ച ദാർശനികതയും കൈമുതലായുള്ള ഉസ്മാൻ ഒഞ്ചിയം ഒരിയാന ലളിതമായ ഭാഷയിലൂടെ കഥകൾ, കാര്യങ്ങളായി വായനക്കാരുടെ കൈകളിലേക്ക് എത്തിക്കുന്ന അനുഗ്രഹീത എഴുത്തുകാരനാണ്. പ്രവാസ കാലത്ത് രചിച്ച ആദ്യ കൃതിക്ക് ശേഷം അദ്ദേഹം രചിച്ച രണ്ടാമത്തെയും, മൂന്നാമത്തെയും കൃതികൾ പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് ആണ് പ്രസിദ്ധീകരിച്ചത്. മൂന്നാമത്തെ പുസ്തകമായ എസ്.കെ.ആശുപത്രിയിലാണ് എന്ന ചെറുകഥാസമാഹാരത്തിൽ ജീവിതത്തിന്റെ സർവ്വതല സ്പർശന സ്വഭാവമുള്ള കഥകളാണ് ഉള്ളത്. എന്റെ വീട് പൊള്ളയാണ് എന്ന ചെറുകഥാ സമാഹാരം വായനാ ലോകം ഇരു കൈയും നീട്ടിയാണ് സ്വീകരിച്ചത്. ചരിത്ര പ്രസിദ്ധമായ ഒഞ്ചിയത്തിന്റെ മണ്ണിലാണ് ഈ അനുഗ്രഹീത എഴുത്തുകാരന്റെ ജനനം. സാഹിത്യ മേഖലയിൽ നിന്ന് ഉറൂബ് അവാർഡും ഇദ്ദേഹത്തന് ലഭിച്ചിട്ടുണ്ട്. എസ്.കെ.ആശുപത്രിയിലാണ് എന്ന പുസ്തകം മെയ് ആദ്യ വാരം മുതൽ വായനക്കാർക്ക് ലഭ്യമാവും. പുസ്തകം താൽപര്യമുള്ളവർ 9037319971 എന്ന നമ്പറിൽ ബന്ധപ്പെടുക.ഉസ്മാൻ ഒഞ്ചിയം ഒരിയാന- Mob. No: 9061845303

## വിവാഹത്തിന് 'ഫുൾ ഫിറ്റ്',വധു പിന്മാറി, വരനെ കസ്റ്റഡിയിലെടുത്ത് പൊലീസ്

പത്തനംതിട്ട: വിവാഹത്തിനു മദ്യപിച്ചെത്തി പള്ളിമുറ്റത്ത് പ്രശ്നമുണ്ടാക്കിയ വരനെ പൊലീസ് കസ്റ്റഡിയിലെടുത്തു. വധു പിന്മാറിയതോടെ വിവാഹം മുടങ്ങി. വധുവിന്റെ വീട്ടുകാർക്ക് 6 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാമെന്ന ധാരണയിലാണ് ഇരുകൂട്ടരും പിരിഞ്ഞത്.

കോഴഞ്ചേരി തടിയൂരിലാണു സംഭവം. പള്ളിമുറ്റത്തെത്തിയ വരൻ കാറിൽനിന്നിറങ്ങാൻപോലും പാടുപെട്ടു. പുറത്തിറങ്ങിയതോടെ കൂടുതൽ വഷളായി. വിവാഹത്തിനു കാർമികത്വം വഹിക്കാനെത്തിയ വൈദികനോടുവരെ മോശമായി സംസാരിച്ചതോടെ വധുവിന്റെ വീട്ടുകാർ മനസ്സുമാറ്റി.വിവരമറിഞ്ഞ് പൊലീസെത്തിയപ്പോഴും വരൻ പ്രശ്നമുണ്ടാക്കി. അതോടെ, മദ്യപിച്ച് പ്രശ്നമുണ്ടാക്കിയെന്ന വകുപ്പു ചുമത്തി പൊലീസ് കേസെടുത്തു. മദ്യപിച്ചതായി വൈദ്യപരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. വിദേശത്തുനിന്നു വിവാഹത്തിനെത്തിയ വരനെ കല്യാണ വേഷത്തിൽ തന്നെയാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്. രാവിലെ മുതൽ മദ്യപിച്ചിരുന്നതായി ബന്ധുക്കളിൽ ചിലർ പറഞ്ഞു.

## ഇന്നത്തെ ചിന്താവിഷയം

>>>>>>>>>>>>>>>>>>>>>>

### ബന്ധങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽ വിദഗ്ദരാകുക



ബന്ധങ്ങളത്രെ ജീവിതത്തെ മുന്നോട്ടു നയിക്കുന്നതു്. ബന്ധങ്ങൾ ആത്മവിശ്വാസത്തിൽ ഊഷ്മളമാകുന്നു. വിശ്വാസം നിർബന്ധിത ഘടകമത്രെ. പരസ്പര വിശ്വാസം വിശ്വാസത്തിന്റെ തന്നെ ഭാഗമത്രെ. പരസ്പര വിശ്വാസം കാത്തു സൂക്ഷിക്കുന്നിടത്തു് ബന്ധങ്ങൾ തഴച്ചു വളരും. അതു പിന്നെ ആത്മവിശ്വാസമായിട്ടും ആത്മബന്ധമായിട്ടും മാറുന്നു. അങ്ങനെ മാറുന്ന ബന്ധങ്ങളിൽ ഏവരുടെയും പങ്ക് നിഷേധിക്കാനാവില്ല. നിക്ഷിപ്ത താൽപ്പര്യം തന്നെ ഒരോരുത്തരുടെ യും പങ്ക്. അത് നിർമ്മലമായാൽ വെട്ടി തിളങ്ങും. അവരുടെ പെരുമാറ്റങ്ങളിൽ ഈശ്വരസാന്നിദ്ധ്യം തിരിച്ചറിയാനാകും. ആത്മാവുകൊണ്ട് നമ്മളേവരും സഹോദരങ്ങളാണ്. അതുകൊണ്ടു തന്നെ സാഹോദര്യ ബന്ധങ്ങളെ വളർത്തക നമ്മുടെ കർത്തവ്യമത്രെ. കർത്തവ്യമാണ് നമ്മുടെ വിദഗ്ദത. അതിനായി ഈശ്വരവിശ്വാസം ചിന്ത നല്ല പെരുമാറ്റത്തിന്റെ സ്വഭാവം ആവശ്യമാണ്. നമ്മളിൽ തന്നെ അന്തർലീനമായിട്ടുള്ള ഇത്തരം സ്വഭാവ സവിശേഷത നമ്മെ തന്നെ മഹത്വവൽക്കരിക്കും. അതു കുടുംബ ബന്ധങ്ങളിലാകട്ടെ ദാമ്പത്യ ബന്ധങ്ങളിലാകട്ടെ സൗഹൃദ ബന്ധങ്ങളിലാകട്ടെ മറ്റേതു തരം ബന്ധങ്ങളിലാകട്ടെ വിദഗ്ദതയോടൊപ്പം മനസ്സിന്റെ നിർമ്മലതയായിരിക്കും ബന്ധങ്ങളുടെ കെട്ടുറുപ്പ്. ഏവർക്കും സുപ്രഭാതവും സുദിനവും ആയൂരാരോഗ്യവും നേർന്നു കൊണ്ട് നന്ദി നമസ്ക്കാരം.

## കവിത

### ജനമിന്നും തൈവെ

>>>>>>>>>>>>>>>>>>>

വോട്ടു ചോദിച്ചു വന്നവരോട്
വോട്ടില്ലന്നു പറയാൻ വിഷമം
വോട്ടൊണ്ടു തന്നീടും തീർച്ച
വോട്ടിലല്ലോ ജനാധിപത്യവും!

അത്ഭുതം കൂറിടുമെത്ര വിനയം
അത്രമേലർപ്പണം സ്ഥാനാർത്ഥിയും
അന്നുവരെക്കാണാത്തവൻ ഇന്ന്
അരികെയാർദ്രഭാവത്തിലും നില്പൂ !

മറക്കല്ലേയീ ചിഹ്നം മനതാരിൽ
മുക്കാതെ മുഖതാവിലോട്ടായി
മാറ്റിടേണം, തൊഴുകയ്യുമായിട്ടു
മുറ്റത്തു വന്നീടും യാചിച്ചീടുന്നു!

വാഗ്ദാനതോരണി നിറവേറ്റിടാൻ
വിജയിക്കേണമതിനായി സതതം
വിശ്വസിക്ക,യിതു പാഴ് വേലയല്ല
വിടരും ജീവിതവസന്തം മുന്നിൽ!

കണ്ടും കേട്ടും അനുഭവിച്ചും ജനം
കൊണ്ടാലൊട്ടും പഠിക്കുകയുമില്ല
കാലം മാറിയാപ്പുഞ്ചിരിമൊഴിയിൽ
കാലങ്ങിടറും ജനമിന്നും തൈവെ!

രചന :-
കെ. വിജയൻ നായർ
ഉല്ലാസ് നഗർ (മുംബൈ)
Mob. 9867242601



## സാഹിത്യ കൃതിയുടെ പ്രകാശനവും സാഹിത്യ സംഗമവും

മന്ദാരം പബ്ലിക്കേഷൻ Literature of Love എന്ന സന്ദേശ കാമ്പയിനും , ശരറാന്തൽ എന്ന സാഹിത്യ കൃതിയുടെ പ്രകാശനവും സാഹിത്യ സംഗമവും കേരള സാഹിത്യ അക്കാദമി തൃശ്ശൂരിൽ നടന്നു.

കവി എ ടി അബുബക്കറിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ മന്ദാരം ബ്രാന്റ് അംബാസിഡറും ചലച്ചിത്ര താരവുമായ രമാദേവി ഉദ്ഘാടനവും പുസ്തക പ്രകാശനവും നിർവ്വഹിച്ചു.

ശരറാന്തൽ എന്ന സാഹിത്യ പുസ്തകത്തെ കവയത്രി സുഹ്റാ ഗഫൂർ പരിചയപ്പെടുത്തി. പ്രശസ്ത മാധ്യമ പ്രവർത്തകൻ റിയാദ് എസ് ഖാൻ പുസ്തകം ഏറ്റുവാങ്ങി.

വിദ്യാത്ഥികൾക്കായുള്ള സൗജന്യ പുസ്തക വിതരണം ലോക കേരളസഭ അംഗം പി കെ കബീർ സലാല നിർവ്വഹിച്ചു.

മന്ദാരം ഡയക്റ്ററും എഴുത്തുകാരനുമായ റഷീദ് വെന്നിയൂർ Literature of Love സന്ദേശ പ്രചരണവും ആമുഖ പ്രഭാഷണവും നിർവ്വഹിച്ചു.

" Literature of Love for Studen-s " എന്ന സന്ദേശം വിദ്യാർത്ഥികളിലെത്തിക്കുന്നതിന് വേണ്ടി പത്താം ക്ലാസ് മുതൽ ഡിഗ്രി വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രമായി മന്ദാരം പബ്ലിക്കേഷൻ സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നു. പ്രസിദ്ധീകരണവും പുസ്തകവും തികച്ചും സൗജന്യമായിക്കും..

നന്മയും സ്നേഹവും സഹജീവികളോട് കരുണയുമുള്ള ഒരു തലമുറയെ സാഹിത്യ രംഗത്ത് വളർത്തി കൊണ്ട് വരിക എന്നതാണ് മന്ദാരം ലക്ഷ്യമിടുന്നത്.

അതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് വേണ്ടി Literature of Love എന്ന സന്ദേശ കാമ്പയിനും സംഘടിപ്പിക്കും. അവരുടെ സ്കൂൾ കോളേജ് ലൈബ്രറിയിലേക്കും പുസ്തകങ്ങൾ സൗജന്യമായി നൽകുമെന്ന് മന്ദാരം ഡയറക്റ്ററും എഴുത്തുകാരനുമായ റഷീദ് വെന്നിയൂർ പറഞ്ഞു.

സിനിമ പ്രൊഡക്ഷൻ കൺട്രോളർ ഷാഫി ചെമ്മാട്, തിരക്കഥാകൃത്ത് പ്രവീൺ ബാലകൃഷ്ണൻ , മുൻ ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് സിക്രട്ടറി ശ്യാംകുമാർ , മാധ്യമ പ്രവർത്തകൻ ഡാറ്റസ് എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. കവികളായ എളവൂർ വിജയൻ ,പാലോട്ട് ജയപ്രകാശ്, കവയത്രിമാരായ ഷെറീന കെ എസ് , ദിവ്യ നീലാംബരി, സുശീല നിത്യാനന്ദൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നൂറിലേറെ എഴുത്തുകാർ പങ്കെടുത്ത പരിപാടിയിൽ കവയത്രിമാരായ സൈരന്ധ്രി വീണ സ്വാഗതവും, പത്മജ നടുവട്ടം നന്ദിയും പറഞ്ഞു.

## ഇസ്രായേൽ – ഇറാൻ യുദ്ധം കനത്താൽ ലോക രാഷ്ട്രീയം തന്നെ കലങ്ങിമറിയും

ഇറാനെതിരെ ഇസ്രായേൽ വ്യോമാക്രമണത്തിന് മുതിരുമോ എന്നതിനെ ആശ്രയിച്ചിരിക്കും പശ്ചിമേഷ്യയുടെ യുദ്ധഭാവി.ഇസ്രായേൽ ആക്രമിച്ചാൽ യുദ്ധം കനത്തതാകുമെന്നാണ് ഇറാന്റെ മുന്നറിയിപ്പ്. യുദ്ധത്തിലേക്ക് നീങ്ങരുതെന്ന അമേരിക്കൻ താത്പര്യങ്ങൾക്കപ്പുറം നെതന്യാഹു പോയാൽ ലോകരാഷ്ട്രീയം തന്നെ കലങ്ങിമറിയും.

ഏപ്രിൽ ഒന്നിന് ഡമാസ്കസിലെ ഇറാൻ കോൺസുലേറ്റിന് നേരെയുണ്ടായ ആക്രമണത്തിന് നിയമാനുസൃതമായ മറുപടിയെന്നാണ് ഇപ്പോഴത്തെ ആക്രമണത്തെ കുറിച്ച് ഇറാൻ പറയുന്നത്. യുഎൻ ചാർട്ടറിലെ ആർട്ടിക്കിൾ 51 അനുസരിച്ച് നയതന്ത്ര സ്ഥാപനങ്ങൾ ആക്രമിച്ചാൽ, പ്രത്യാക്രണമത്തിന് ഏതൊരുരാജ്യത്തിനും അവകാശമുണ്ട്.

ഇസ്രായേൽ ഇനി തിരിച്ചടിക്കാതെ നിൽക്കുകയാണെങ്കിൽ തത്കാലം ഇറാൻ ഈ ആക്രമണത്തോടെ അടങ്ങിയിരിക്കാനാണ് സാധ്യത. പക്ഷേ ഇനിയും ആക്രമണത്തിന് മുതിർന്നാൽ ഇറാനിൽനിന്ന് വലിയ പ്രതികരണമുണ്ടാകുമെന്ന് ഇറാനിന്റെ ജോയിന്റ് ചീഫ് ഓഫ് സ്റ്റാഫ് മുഹമ്മദ് ബാഖരി മുന്നറിയിപ്പ് നൽകി.

ഇസ്രയേലിനെ ഇനിയും ആക്രമണത്തിൽ പിന്തുണച്ചാൽ അമേരിക്കയുടെ പശ്ചിമേഷ്യയിലെ സൈനിക താവളങ്ങൾ ലക്ഷ്യമിടുമെന്നും ഇറാൻ ഭീഷണി മുഴക്കി. ഇറാനെതിരെ കൂടുതൽ സൈനിക നടപടികൾ വേണ്ടെന്ന നിലപാടാണ് ബൈഡൻ ഭരണകൂടത്തിനുള്ളത്.ഇക്കാര്യം ബൈഡൻ നെതന്യാഹുവിനെ അറിയിച്ചതായി അമേരിക്കൻ മാധ്യമങ്ങൾ റിപോർട്ട് ചെയ്യുന്നു. ഇതു കേട്ട് നെതന്യാഹു അടങ്ങിയിരിക്കുകയാണെങ്കിൽ യുദ്ധഭീതി ഇല്ലാതാകും. സ്വന്തം രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി നെതന്യാഹു ഇറാനെതിരായ ആക്രമണം തുടർന്നാൽ പശ്ചിമേഷ്യയെ മാത്രമല്ല ലോകത്തെയാകെ ബാധിക്കുന്ന യുദ്ധമായി അത് മാറും. ഇറാനെ പിന്തുണക്കാൻ റഷ്യയോ ചൈനയോ വടക്കൻ കൊറിയയോ നേരിട്ടെത്തിയാൽ രംഗം മാറും.

ഇത് ലോക സാമ്പത്തിക രംഗത്തെ അവതാളത്തിലാക്കും. ഗൾഫ് രാജ്യങ്ങൾ ഇത്തരമൊരു സാഹചര്യം ഭയപ്പെടുന്നുണ്ട്. അതുകൊണ്ടു തന്നെ അമേരിക്കയ്ക്കും ഇസ്രായേലിനും മേൽ ജിസിസി രാഷ്ട്രങ്ങളുടെ സമ്മർദം ശക്തമാണ്.

# ഇസ്രായേലിനെതിരെ ഇറാൻ നടത്തിയത് സ്വാഭാവിക പ്രതികരണമെന്ന് ഹമാസ്

ഇസ്രായേലിനെതിരെ ഇറാൻ നടത്തിയ സൈനിക നടപടി സ്വാഭാവിക പ്രതികരണം മാത്രമാണെന്ന് ഹമാസ്. ഡമാസ്കസിലെ ഇറാൻ കോൺസുലേറ്റ് ആക്രമിച്ച് നിരവധി റെവല്യൂണറി ഗാർഡ് നേതാക്കളെ വധിച്ച കുറ്റകൃത്യത്തിനുള്ള അർഹമായ മറുപടിയാണിത്.

ഇസ്രായേലിന്റെ ആക്രമണങ്ങളെ സ്വയം പ്രതിരോധിക്കാനുള്ള രാജ്യങ്ങളുടെയും അവിടത്തെ ജനങ്ങളുടെയും അവകാശത്തെ തങ്ങൾ അംഗീകരിക്കുന്നു. അറബ്, ഇസ്ലാമിക രാഷ്ട്രങ്ങളോടും ലോകത്തെ സ്വത?ന്ത്ര ജനതയോടും മേഖലയിലെ പ്രതിരോധ ശക്തികളോടും തങ്ങളെ പിന്തുണക്കുന്നത് തുടരണമെന്ന് അഭ്യർഥിക്കുകയാണ്. ഫലസ്തീൻ ജനതയുടെ സ്വാതന്ത്ര്യത്തിനും ജറുസലേമിനെ തലസ്ഥാനമാക്കി ഫലസ്തീൻ രാഷ്ട്രം സ്ഥാപിക്കാനും പിന്തുണ വേമെന്നും ഹമാസ് വാർത്താകുറിപ്പിൽ വ്യക്തമാക്കി.

ശനിയാഴ്ച രാത്രിയാണ് ഇസ്രായേലിനെതിരെ ഇറാൻ ആക്രമണം അഴിച്ചുവിട്ടത്. നൂറുകണക്കിന് ഡ്രോണുകളും മിസൈലുകളുമാണ് ഇറാൻ അയച്ചത്. ഇതിൽ ഭൂരിഭാഗവും തടയാൻ സാധിച്ചതായി ഇസ്രായേൽ അവകാശപ്പെട്ടു.

ഇറാന് കനത്ത തിരിച്ചടി നൽകുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും സുരക്ഷ മന്ത്രി ബെൻഗിവിറും പറഞ്ഞു. അതേസമയം, ഇറാനെ തിരിച്ചടിക്കാനുള്ള നടപടിയെ പിന്തുണക്കില്ലെന്ന് അമേരിക്ക ഇസ്രായേലിനെ അറിയിച്ചിട്ടുണ്ട്. ഇസ്രായേൽ വീണ്ടും ആക്രമണം നടത്തിയാൽ കനത്ത തിരിച്ചടി നേരിടേണ്ടി വരുമെന്ന് ഇറാനും മുന്നറിയിപ്പ് നൽകി.ഒമാൻ കടലിലും പേർഷ്യൻ ഗൾഫിലൂടെയും സഞ്ചരിക്കുന്ന ഇസ്രായേലുമായി ബന്ധമുള്ള കപ്പലുകൾ പിടിച്ചെടുക്കുമെന്ന് ഇറാൻ വ്യക്തമാക്കി. കഴിഞ്ഞദിവസം ഇത്തരത്തിൽ ഒരു കപ്പൽ പിടികൂടിയിരുന്നു.സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേലിലുള്ള ഇന്ത്യക്കാർക്ക് എംബസി ജാഗ്രത നിർദേശം നൽകി. എംബസിയിൽ രജിസ്റ്റർ ചെയ്യാത്തവർ അടിയന്തരമായി രജിസ്റ്റർ ചെയ്യണം.

00972 547520711, 00972 543278392 എന്നീ ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടണമെന്നും ആവശ്യപ്പെട്ടു.അതേസമയം, ഇറാന്റെ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ അടച്ചിട്ട വ്യോമപാത ജോർദാനും ഇസ്രായേലും ഇറാഖും വീണ്ടും തുറന്നു. മണിക്കൂറുകൾക്ക് ശേഷമാണ് പാത തുറക്കുന്നത്.




ഇറാന്റെ ആക്രമണത്തിന് പിന്നാലെ തെഹ്റാനിലെ ഫലസ്തീൻ സ്ക്വയറിൽ 'അടുത്ത അടി കൂടുതൽ കഠിനമായിരിക്കും' എന്ന് എഴുതിയ ബാനർ സ്ഥാപിച്ചപ്പോൾ

## 'മോദിയെ തെരഞ്ഞെടുപ്പിൽനിന്ന് അയോഗ്യനാക്കണം'; ഡൽഹി ഹൈക്കോടതിയിൽ ഹരജി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയെ തെരഞ്ഞെടുപ്പിൽനിന്ന് അയോഗ്യനാക്കണമെന്ന് ആവശ്യപ്പെട്ട് ഹരജി. ദൈവങ്ങളുടെയും ആരാധനാലയങ്ങളുടെയും പേരിൽ വോട്ട് തേടിയെന്നു ചൂണ്ടിക്കാട്ടി അഭിഭാഷകൻ ആനന്ദ് എസ് ജോന്ദാലെയാണ് ഡൽഹി ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. ജനപ്രാതിനിധ്യ നിയമപ്രകാരം ആറ് വർഷത്തേക്ക് അയോഗ്യനാക്കണമെന്നാണ് ആവശ്യം.

ഹിന്ദു-സിഖ് ദൈവങ്ങളുടെയും ആരാധനാലയങ്ങളുടെയും പേരിൽ നരേന്ദ്ര മോദി വോട്ട് തേടിയതിലാണ് നടപടി ആവശ്യപ്പെട്ടിരിക്കുന്നത്. പ്രധാനമന്ത്രി മോദിയുടെ തെരഞ്ഞെടുപ്പ് പ്രചാരണ പ്രസംഗങ്ങൾ വോട്ടർമാർക്കിടയിൽ ജാതീയമായും മതപരമായും വിദ്വേഷം സൃഷ്ടിക്കുന്നതാണെന്ന് ഹരജിയിൽ ചൂണ്ടിക്കാട്ടുന്നു. ഇതിനാൽ മോദിക്കെതിരെ നടപടി സ്വീകരിക്കാൻ തെരഞ്ഞെടുപ്പ് കമ്മിഷനു നിർദേശം നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഏപ്രിൽ ഒൻപതിന് ഉത്തർ പ്രദേശിൽ നടന്ന ഒരു തെരഞ്ഞെടുപ്പ് റാലിയിൽ നടത്തിയ പ്രസംഗമാണ് ഹരജിയിൽ സൂചിപ്പിച്ചിരിക്കുന്നത്. പ്രസംഗത്തിൽ ഹിന്ദു-സിഖ് ദൈവങ്ങളുടെയും ആരാധനാലയങ്ങളുടെയും പേരിൽ വോട്ട് തേടുക മാത്രമല്ല, പ്രതിപക്ഷ പാർട്ടികൾ മുസ്‌ലിംകളെ പ്രീണിപ്പിക്കുന്നുവെന്ന് ആക്ഷേപിക്കുകയും ചെയ്തിരുന്നു.

നിഷ്പക്ഷവും സുതാര്യവുമായ തെരഞ്ഞെടുപ്പ് നടക്കണമെങ്കിൽ തെരഞ്ഞെടുപ്പ് കമ്മിഷൻ ഉടൻ ഇടപെടണം. കേന്ദ്ര സർക്കാരിന്റെ ഹെലികോപ്ടറുകളിൽ ഉൾപ്പെടെ സഞ്ചരിച്ചാണ് മോദി ഈ പ്രസംഗങ്ങൾ നടത്തുന്നതെന്നും ഹരജിയിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

## 200 കോടിയുടെ സ്വത്ത് ദാനം ചെയ്ത് ഗുജറാത്ത് വ്യവസായിയും ഭാര്യയും സന്യാസത്തിലേക്ക്

സൂറത്ത്: 200 കോടിയോളം രൂപയുടെ സ്വത്ത് ദാനം ചെയ്ത് ഗുജറാത്തിലെ വ്യവസായിയും ഭാര്യയും സന്ന്യാസം സ്വീകരിക്കുന്നു. ജൈന മതവിശ്വാസിയായ ഭവേഷ് ഭണ്ഡാരിയും ഭാര്യയും ഫെബ്രുവരിയിലാണ് സ്വത്ത് ദാനം ചെയ്തത്. ഹിമ്മത്ത് നഗറിൽനിന്നുള്ള കെട്ടിട നിർമാണ വ്യവസായിയാണ് ഭവേഷ് ഭണ്ഡാരി. 2022ൽ ഇവരുടെ 19 കാരിയായ മകളും 16 കാരനായ മകനും സന്ന്യാസം സ്വീകരിച്ചിരുന്നു. മക്കളുടെ പാത പിന്തുടർന്നാണ് ഇരുവരും സന്ന്യാസത്തിലേക്ക് തിരിഞ്ഞതെന്ന് ജൈന സമുദായാംഗങ്ങൾ പറഞ്ഞു. ഈ മാസം അവസാനം ഇരുവരും സന്ന്യാസ ദീക്ഷ സ്വീകരിക്കും.

ഏപ്രിൽ 22ന് സന്ന്യാസ ദീക്ഷ സ്വീകരിക്കാനുള്ള പ്രതിജ്ഞ ചൊല്ലിക്കഴിഞ്ഞാൽ എല്ലാ കുടുംബ ബന്ധങ്ങളും ഉപേക്ഷിക്കണം. ഭൗതിക വസ്തുക്കൾ ഒന്നും സൂക്ഷിക്കാൻ അനുവദിക്കില്ല. ഇന്ത്യ മുഴുവൻ നഗ്നപാദരായി സഞ്ചരിച്ച് ഭിക്ഷ യാചിച്ച് ജീവിക്കും. രണ്ട് വെള്ള വസ്ത്രങ്ങൾ, ഭിക്ഷപ്പാത്രം, ഇരിക്കുന്ന സ്ഥലത്തുനിന്ന് പ്രാണികളെയും മറ്റും അകറ്റാൻ ജൈന സന്ന്യാസികൾ ഉപയോഗിക്കുന്ന വെള്ള ചൂൽ എന്നിവ മാത്രമേ ഇനി ഇവർക്ക് സ്വന്തമായി ഉണ്ടാവൂ.

കോടികൾ ആസ്തിയുള്ള ഭണ്ഡാരി കുടുംബം സന്ന്യാസ ജീവിതം സ്വീകരിക്കുന്നത് സംസ്ഥാനത്ത് വലിയ വാർത്തയായിരുന്നു. ഇവർ മറ്റു 35 പേർക്കൊപ്പം നാല് കിലോമീറ്ററോളം ഘോഷയാത്രയായി സഞ്ചരിച്ചാണ് മൊബൈൽ ഫോണുകളും എ.സിയും അടക്കം സ്വത്തുക്കളെല്ലാം ദാനം ചെയ്തത്.

കഴിഞ്ഞ വർഷം ഗുജറാത്തിലെ ശതകോടീശ്വരനായ വജ്ര വ്യാപാരിയും ഭാര്യയും ഇതുപോലെ സന്ന്യാസം സ്വീകരിച്ചിരുന്നു. അതിന് അഞ്ച് വർഷം മുമ്പ് അവരുടെ 12 കാരൻ മകൻ സന്ന്യാസ ദീക്ഷ സ്വീകരിച്ചിരുന്നു.

# വീണ്ടും മൈക്ക് പിണങ്ങി; പൊട്ടിച്ചിരിയോടെ മുഖ്യമന്ത്രി

തൃശൂർ: എപ്പോഴും ഞാൻ വന്നിരിക്കുമ്പോഴാണ് പ്രശ്നമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എല്ലാടത്തും ഞാൻ വന്നിരുന്നാലാണ് ഇതിന്റെ ഒരു ഓപ്പറേഷൻ നടക്കുക. അപ്പോൾ നിങ്ങൾക്ക് ഒരു വാർത്തയായി എന്ന് മുഖ്യമന്ത്രി പൊട്ടിച്ചിരിയോടെ പറഞ്ഞു.

തൃശൂരിൽ വാർത്താ സമ്മേളനത്തിനിടെ ഇന്നും മൈക്ക് പണിമുടക്കിയതിലായിരുന്നു മുഖ്യമന്ത്രിയുടെ നർമ്മം കലർന്ന പ്രതികരണം. കുറച്ചു നേരത്തിന് ശേഷമാണ് മൈക്ക് ശരിയായത്.സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്ത താങ്ങുവില, സംഭരണത്തിന്റെ ഗ്യാരണ്ടി, കർഷക ആത്മഹത്യ, വായ്പ എഴുതിതള്ളൽ ഇവയെക്കുറിച്ചെല്ലാം പൂർണമായി മൗനം പാലിച്ച് എങ്ങനെയാണ് കർഷകരെ ശാക്തികരിക്കുകയെന്ന് മുഖ്യമന്ത്രി ചോദിച്ചു. 2014 ലെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ കർഷകർക്കും കർഷക തൊഴിലാളികൾക്കും കടാശ്വാസം നൽകുമെന്ന് ബിജെപി വാഗ്ദാനം ചെയ്തിരുന്നു. പത്തുവർഷമായിട്ട് ഇന്നുവരെ പത്തുരൂപയെങ്കിലും മോദി സർക്കാർ കടാശ്വാസം നൽകിയോയെന്ന് മുഖ്യമന്ത്രി ചോദിച്ചു.

കർഷകർക്കുള്ള എല്ലാ പ്രധാന ബജറ്റ് വിഹിതവും വെട്ടിക്കുറച്ചു. ഇത് എങ്ങനെയാണ് ശാക്തീകരണമാകുക. ഓരോ ഇന്ത്യാക്കാരനും ഒരു വീട് എന്നതായിരുന്നു 2019 ൽ ബിജെപി നൽകിയ വാഗ്ദാനം. അതിന്റെ ഗതി എന്തായി. അതും പറയേണ്ടതല്ലേ. 2024 ലെ മാനിഫെസ്റ്റോയിൽ ഇതേക്കുറിച്ച് പരിപൂർണ മൗനമാണ്. മുഖ്യമന്ത്രി കുറ്റപ്പെടുത്തി.

ഭവനരഹിതരില്ലാത്ത കേരളം എന്ന മുദ്രാവാക്യമാണ് കേരളത്തിലെ ഇടതു സർക്കാർ ഉയർത്തിയത്. ആ സ്വപ്ന സാക്ഷാത്കാരത്തോട് അടുക്കുകയാണ് സംസ്ഥാനം. ഇപ്പോൾ നാലുലക്ഷം വീടുകളെന്ന നാഴികക്കല്ല് പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞു. ഇതുവരെ 4,03,558 വീടുകളാണ് പൂർത്തീകരിച്ചത്. 1,00,052 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഗുണഭോക്താക്കളുടെ ആകെ എണ്ണം 5,03,610 ആണ്. ഇതിൽ എന്താണ് കേന്ദ്രത്തിന്റെ പങ്കാളിത്തമെന്ന് മുഖ്യമന്ത്രി ചോദിച്ചു.

സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിൽ കേന്ദ്രം കൈകടത്തുകയാണ്. കടമെടുപ്പ് പരിധിയിൽ കേരളത്തിന് സുപ്രീംകോടതിയിൽ നിന്നും തിരിച്ചടി കിട്ടിയെന്നാണ് പ്രധാനമന്ത്രി പറഞ്ഞത്. ഇത് വാസ്തവ വിരുദ്ധമാണ്. കേരളം ഉന്നയിച്ച കാര്യങ്ങൾ അഞ്ചംഗ ഭരണഘടനാ ബെഞ്ച് പരിശോധിക്കുമെന്ന് പറഞ്ഞത് എങ്ങനെയാണ് കേരളത്തിന് തിരിച്ചടിയാകുന്നത്. കേരളം കൊടുത്ത കേസ് പിൻവലിച്ചാൽ മാത്രം പണം എന്ന കേന്ദ്രത്തിന്റെ നിലപാട് സുപ്രീംകോടതി തള്ളിയില്ലേ. കേരളം ഉന്നയിച്ച വാദങ്ങൾ കോടതി ഗൗരവത്തോടെ പരിഗണിക്കുമ്പോൾ, കേരളം നൽകിയ കേസിന് പുതിയ മാനങ്ങൾ ദേശീയ തലത്തിൽ തന്നെ കൈവരികയാണ്.കേരളത്തെക്കുറിച്ച് കടുത്ത ആക്ഷേപങ്ങളാണ് പ്രധാനമന്ത്രി ഉന്നയിക്കുന്നത്. അദ്ദേഹം നേതൃത്വം നൽകുന്ന കേന്ദ്രസർക്കാർ കേരളത്തിന് നൽകിയ അംഗീകാരങ്ങൾ ഒന്ന് നോക്കുന്നത് നല്ലതായിരിക്കും. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ കേരളമാണ് ഒന്നാമത്.

ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനവും കേരളമാണ്. 10 വർഷത്തെ പ്രോഗ്രസ് കാർഡ് വെച്ചിട്ട് വോട്ടുചോദിക്കാൻ ബിജെപിക്ക് ധൈര്യമുണ്ടോയെന്നും മുഖ്യമന്ത്രി പിണറായി വിജയൻ വെല്ലുവിളിച്ചു.

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട്, തെറ്റുകാരോട് ഒരു വിട്ടുവീഴ്ചയും ഇല്ലെന്ന് മുഖ്യമന്ത്രി ആവർത്തിച്ചു വ്യക്തമാക്കി. ചുരുക്കം സഹകരണ സ്ഥാപനങ്ങളിൽ വഴിതെറ്റിയ കാര്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതിനെതിരെ ഒരു വിട്ടുവീഴ്ചയും സർക്കാർ കാട്ടിയിട്ടില്ല. ഓരോ സഹകരണ സ്ഥാപനങ്ങളിലും കോടികളുടെ വായ്പ ഇടപാടുകളാണ് നടക്കുന്നത്. നല്ല നിലയിലാണ് ഈ മേഖലയെ സർക്കാർ സംരക്ഷിച്ചുപോരുന്നത്.

കരുവന്നൂർ തട്ടിപ്പിൽ മുഖ്യമന്ത്രി നുണ പറയുന്നു എന്ന പ്രധാനമന്ത്രിയുടെ ആരോപണവും പിണറായി വിജയൻ തള്ളി.

## ഇസ്രായേൽ വ്യോമാക്രമണത്തിൽ ഗസ്സയിൽ ഒരു കുടുംബത്തിലെ അഞ്ച് പേർ കൊല്ലപ്പെട്ടു

ഗസ്സ സിറ്റി: ഗസ്സയിലെ നുസൈറത്ത് അഭയാർഥി ക്യാമ്പിന് സമീപം വീടിന് നേരെ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ സാധാരണക്കാരായ അഞ്ച് പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് ഗുരുതര പരിക്കേറ്റതായി വാർത്താ ഏജൻസിയായ വഫ റിപ്പോർട്ട് ചെയ്തു.

ക്യാമ്പിന് സമീപത്തെ പള്ളിയും ബോംബാക്രമണത്തിൽ പൂർണമായും തകർത്തതായി പ്രാദേശിക സോഴ്സുകളെ ഉദ്ധരിച്ച് വഫ റിപ്പോർട്ട് ചെയ്യുന്നു. ക്യാമ്പിലെ ഒരു റെസിഡൻഷ്യൽ ടവറും ബോംബേറിൽ നിലംപരിശാക്കി.

വടക്കൻ ഗസയിലെ സൈന്യം സ്ഥാപിച്ച മണൽകെട്ടുകൾക്കിടയിൽ നിന്ന് നിരവധി മൃതദേഹങ്ങൾ കണ്ടെത്തിയതായി മെഡിക്കൽ വൃത്തങ്ങൾ അറിയിച്ചു. ഖാൻ യൂനിസിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് നാല് പേരുടെ മൃതദേഹങ്ങളും കണ്ടെടുത്തു.

ആംബുലൻസുകൾക്കും രക്ഷാപ്രവർത്തകർക്കും വിവിധയിടങ്ങളിൽ എത്തിച്ചേരാനാകാത്ത സാഹചര്യമാണ് ഇപ്പോഴുമുള്ളത്. നൂറ്കണക്കിന് ആളുകൾ ഇപ്പോഴും കെട്ടിട അവശിഷ്ടങ്ങൾക്കടിയിൽ കുടുങ്ങിക്കിടക്കുന്നതായി റിപ്പോർട്ടുകളുണ്ട്. ഒക്ടോബർ ഏഴ് മുതൽ കൊല്ലപ്പെട്ടവരുടെ എണ്ണം 33,729 ആയി. 76,371 പേർക്ക് പരിക്കേറ്റു.

## കാനഡയിൽ ഇന്ത്യൻ വിദ്യാർഥി വെടിയേറ്റ് മരിച്ചു

ന്യൂഡൽഹി: കാനഡയിൽ ഇന്ത്യൻ വിദ്യാർഥിയെ കാറിനുള്ളിൽ വെടിയേറ്റ് മരിച്ച നിലയിൽ കണ്ടെത്തി. ഹരിയാന സ്വദേശിയായ 24 കാരനായ ചിരാഗ് ആന്റിലിനെയാണ് കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്. വാൻകൂവറിലാണ് സംഭവം. 12 ന് രാത്രി 11 മണിയോടെ ഈസ്റ്റ് 55-ആം അവന്യൂവിനും മെയിൻ സ്ട്രീറ്റിനും സമീപം വെടിവയ്പ്പുണ്ടായതായി റിപ്പോർട്ടുകൾ ലഭിച്ചതായി പൊലീസ് പറഞ്ഞു.

സംഭവത്തിൽ അന്വേഷണം നടക്കുന്നതായി നിലവിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്നും പൊലീസ് പറഞ്ഞു. അതെ സമയം യുവാവിന്റെ മൃത?ദേഹം നാട്ടിലെത്തിക്കാനായി ക്രൗഡ് ഫണ്ടിങ് പ്ലാറ്റ്ഫോം വഴി ധനസമാഹരണം ആരംഭിച്ചിട്ടുണ്ട്. 2022 സെപ്റ്റംബറിലാണ് ചിരാഗ് വാൻകൂവറിൽ പഠനത്തിനെത്തിയത്. അടുത്തിടെയാണ് ചിരാഗ് എം.ബി.എ പൂർത്തിയാക്കിയത്.

# കോൺസുലേറ്റ് ആക്രമണം; ഇസ്രായേലിന് നേരെ ഇറാന്റെ മിസൈൽ ആക്രമണം

ദുബൈ: കോൺസുലേറ്റ് ആക്രമണത്തിന് തിരിച്ചടിയായി ഇസ്രായേലിന് നേരെ ഇറാന്റെ മിസൈൽ ആക്രമണം. ഇന്ന് പുലർച്ചെയാണ് മുന്നൂറോളം ഡ്രോണുകളും മിസൈലുകളും അയച്ചത്. ആക്രമണത്തിൽ നെഗവ് വ്യോമകേന്ദ്രത്തിൽ നാശനഷ്ടമുണ്ടായതായി ഇസ്രായേൽ സ്ഥിരീകരിച്ചു. ഇറാനെതിരെ ആക്രമണത്തിന് മുതിരരുതെന്ന് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ നെതന്യാഹുവിന് നിർദേശം നൽകി. സംയമനം പാലിക്കണമെന്ന് ഇറാനോടും ഇസ്രായേലിനോടും ലോകരാജ്യങ്ങൾ ആവശ്യപ്പെട്ടു. യു.എൻ രക്ഷാസമിതിയുടെ അടിയന്തര യോഗം ഇന്ന് ചേരുമെന്നാണ് റിപ്പോർട്ട്.

185 ഡ്രോണുകളും 146 മിസൈലുകളുമാണ് അഞ്ചു മണിക്കൂറോളം നീണ്ട ആക്രമണം ആക്രമണത്തിൽ ഇറാൻ തൊടുത്തുവിട്ടത്. ഇറാഖ്, ലബനാൻ എന്നിവിടങ്ങളിൽ നിന്നുള്ള വിവിധ മിലീഷ്യകളും ആക്രമണത്തിൽ പങ്കുചേർന്നു.

നെഗവ് സൈനിക കേന്ദ്രത്തെ ലക്ഷ്യം വെച്ചാണ് നല്ലൊരു ശതമാനം മിസൈലുകളും എത്തിയത്. അർധരാത്രി മുതൽ പലരുവോളം തെൽഅവീവ് ഉൾപ്പെടെ പ്രധാന നഗരങ്ങളിൽ അപായ സൈറണുകൾ മുഴങ്ങി. സുരക്ഷിതകേന്ദ്രം തേടിയുള്ള ഓട്ടപ്പാച്ചിലുകൾക്കിടയിൽ 31 പേർക്ക് പരിക്കേലക്കുകയും ചെയ്തു.

ഇസ്രായേലിന്റെ രണ്ട് സൈനിക കേന്ദ്രങ്ങൾക്ക് കാര്യമായ ക്ഷതം വരുത്താനായെന്ന് ഇറാൻ സൈനിക മേധാവി അറിയിച്ചു. നിർണിതലക്ഷ്യങ്ങളിൽ ആക്രമണം പൂർണവിജയം കണ്ടെന്നും അദ്ദേഹം അവകാശപ്പെട്ടു. ഏതാനും മിസൈലുകൾ ഇസ്രായേലിൽ പതിച്ചെന്ന് ഇസ്രായേൽ പ്രതിരോധ വക്താവും സ്ഥിരീകരിച്ചു. എന്നാൽ ഭൂരിഭാഗം മിസൈലുകളും വ്യോമാതിർത്തിക്കു പുറത്തുവെച്ചു തകർത്തുവെന്നും ഇസ്രായേൽ അവകാശപ്പെടുന്നത്. തെക്കൻ ഇസ്രായേലിലെ ഒരു സൈനിക കേന്ദ്രത്തിന് ചെറിയതോതിൽ നാശനഷ്ടമുണ്ടായതായി ഐ.ഡി.എഫ് വക്താവ് സ്ഥിരീകരിച്ചു. ഒരു പെൺകുട്ടിക്ക് പരിക്കേറ്റു.

ഗോലൻ കുന്നുകളിലെ ഇസ്രായേൽ സൈനിക കേന്ദ്രങ്ങൾക്കുനേരെ ഹിസ്ബുല്ലയും റോക്കറ്റാക്രമണം നടത്തി. ഇസ്രായേലിന് നേരെയുള്ള തിരിച്ചടിയിൽ ആഹ്ലാദം പ്രകടിപ്പിച്ച് നൂറുകണക്കിന് പേർ ഇറാൻ തലസ്ഥാനമായ തെഹ്റാനിൽ പ്രകടനം നടത്തുകയും ചെയ്തു.

ആക്രമണത്തിൽ ആളപായം ഇല്ല. എന്നാൽ പ്രത്യാക്രമണനീക്കം ഉപേക്ഷിക്കണമെന്ന് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ ബെഞ്ചമിൻ നെതന്യാഹുവിനോട് ആവശ്യപ്പെട്ടു. ഇറാനെ ഒറ്റപ്പെടുത്താൻ ജി 7 രാജ്യങ്ങളിലെ നേതാക്കളുടെ യോഗം വിളിച്ചു ചേർക്കുമെന്നും ബൈഡൻ അറിയിച്ചു. ആക്രമണങ്ങളുടെ പശ്ചാത്താലത്തിൽ മേഖലയിൽ നിർത്തിലാക്കിയ വിമാന സർവീസുകൾ ഉച്ചയോടെ പുനരാരംഭിച്ചു.

## പിതാവിന്റെ കാമുകിയെ കഴുത്തറുത്തു കൊന്നു; പതിനാറുകാരൻ അറസ്റ്റിൽ

കോയമ്പത്തൂർ: പിതാവിന്റെ കാമുകിയെ കഴുത്തറുത്ത് കൊന്ന കേസിൽ 16 കാരൻ അറസ്റ്റിൽ. തമിഴ്നാട്ടിലെ അന്നൂരിനടുത്ത് പനന്തോപ്പുമയിലാണ് കൊലപാതകം നടന്നത്. 35 കാരിയായ കനകയാണ് കൊല്ലപ്പെട്ടത്.

കുട്ടിയുടെ പിതാവ് കാമുകിയായ കനകക്കൊപ്പം പനന്തോപ്പുമയിലിലാണ് താമസിച്ചിരുന്നത്. ഇയാളുടെ ഭാര്യയും പ്രായപൂർത്തിയാകാത്ത രണ്ട് മക്കളും അതേ ഗ്രാമത്തിലെ മറ്റൊരു വീട്ടിലാണ് താമസിച്ചിരുന്നതെന്ന് അന്നൂർ പൊലീസ് പറഞ്ഞു. കുട്ടിയുടെ പിതാവ് മത്സ്യവ്യാപാരിയാണ്. ഇയാളുടെ മത്സ്യ വിൽപ്പന സ്റ്റാളിനാണ് ഭാര്യയും മൂത്തമകനും ജോലി ചെയ്യുന്നത്. ജോലിസ്ഥലത്ത് വെച്ച് ഇയാൾ മകനെ മർദിക്കാറുണ്ട്. തന്നെയും അമ്മയും മർദിക്കുന്നത് കൊല്ലപ്പെട്ട കനകയുടെ പ്രേരണമൂലമാണെന്നാണ് 16 കാരൻ കരുതിയിരുന്നത്. ഇക്കാരണത്താലാണ് കനകയെ കൊല്ലാൻ തീരുമാനമെടുത്തതെന്ന് പൊലീസ് പറയുന്നു.

ശനിയാഴ്ച വൈകിട്ട് പ്രതി കടയിൽ നിന്ന് പുറത്ത് പോകുകയും പിതാവും കാമുകിയും താമസിക്കുന്ന സ്ഥലത്തെത്തി. വീട്ടിൽ തനിച്ചായിരുന്നു കനകയെ കുത്തിക്കൊലപ്പെടുത്തി. ഇവരുടെ വയറ്റിനും കുത്തേറ്റിട്ടുണ്ട്. കനക സംഭവ സ്ഥലത്ത് വെച്ച് തന്നെ മരിച്ചു. കൊലപാതകത്തിന് പിന്നാലെ 16 കാരൻ ഒളിവിൽ പോയി. ഞായറാഴ്ച പുലർച്ചെ രണ്ട് മണിയോടെ കുട്ടിയുടെ പിതാവ് വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് കനകയെ രക്തത്തിൽ കുളിച്ച് മരിച്ച നിലയിൽ കണ്ടെത്തിയത്. തുടർന്ന് പൊലീസിൽ വിവരമറിയിക്കുകയും ചെയ്തു.

പ്രാഥമിക അന്വേഷണത്തിൽ തന്നെ 16 കാരൻ ഒളിവിൽ പോയതായി കണ്ടെത്തി. തിരുപ്പൂർ ജില്ലയിലെ അവിനാശിക്കടുത്തുള്ള മുത്തശ്ശിയുടെ വീട്ടിൽ നിന്നാണ് പ്രതിയെ പൊലീസ് കസ്റ്റഡിയിലെടുത്തത്. ചോദ്യം ചെയ്യലിൽ പ്രതി കുറ്റം സമ്മതിച്ചു. കോടതിക്ക് മുന്നിൽ ഹാജരാക്കിയ പ്രതിയെ ജുവനൈൽസ് ഒബ്സർവേഷൻ ഹോമിൽ പാർപ്പിച്ചിരിക്കുകയാണെന്ന് പൊലീസ് ഉദ്യോഗസ്ഥർ പറഞ്ഞു.

# ഇസ്രായേലിന് വെല്ലുവിളി ഉയർത്തി ഇറാനിയൻ സൈബർ ഗ്രൂപ്പിന്റെ ആക്രമണം

ഇസ്രായേലിനെതിരെ ഇറാന്റെ പ്രത്യാക്രമണം പിരിമുറുകുന്നതിനിടയിൽ ഇസ്രായേലിന് നേരെ ഹാക്കർമാരുടെ സൈബർ ആക്രമണം. ഹൻദല എന്ന പേരിലുള്ള ഇറാനിയൻ സൈബർ ?ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സൈബർ ആക്രമണമുണ്ടായതായി ?ജെറുസലേം പോസ്റ്റ് അടക്കമുള്ള മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇസ്രായേൽ സൈബർ സെക്യൂരിറ്റി സംവിധാനങ്ങൾ തകർത്ത് പതിനായിരക്കണക്കിന് സന്ദേശങ്ങൾ ഇസ്രായേലി പൗരന്മാർക്ക് ഇറാനിയൻ ഹാക്കർമാർ അയച്ചു.

ഇസ്രായേൽ സർക്കാരിനെ എതിർക്കാനും ഇറാനെ പിന്തുണക്കാനുമാണ് സന്ദേശങ്ങളിലുള്ളത്.സയണിസ്റ്റ് ഭീകരരായ നേതാക്കൾ ഖേദിക്കുമെന്ന മുന്നറിയിപ്പും സന്ദേശത്തിലുണ്ട്. ഹാക്കിങ്ങ് നടത്തിയ വിവരം ഹൻദല ടെലഗ്രാം ഗ്രൂപ്പ് വഴി പുറത്തുവിടുകയും ചെയ്തു. ഇസ്രായേലിന്റെ ദേശീയ സുരക്ഷ സംവിധാനത്തിന് വെല്ലുവിളി ഉയർത്തുന്നതാണ് സൈബർ ആക്രമണം എന്നാണ് വിലയിരുത്തപ്പെടുന്നത്.

'നിങ്ങളുടെ നേതാക്കളുടെ കുറ്റകൃത്യങ്ങൾക്കും വിഡ്ഢിത്തങ്ങൾക്കും ജനങ്ങൾ വലിയ വില കൊടുക്കേണ്ടിവരും. നിങ്ങളുടെ നേതാക്കൾ അവരുടെ തെറ്റായ നിലപാടിൽ പശ്ചാത്തപിക്കും.

വേഗം നഗരങ്ങൾ ഒഴിപ്പിക്കുക, ഒരുപക്ഷേ നാശനഷ്ടങ്ങൾ കുറക്കാൻ അത് സഹായിക്കും.രക്ഷപ്പെടാനുള്ള അവസരം പത്ത് സെക്കൻഡിൽ താഴെയാണ്, ഏത് നിമിഷവും നിങ്ങളുടെ നഗരം തിരഞ്ഞെടുക്കപ്പെടാം. എന്നെല്ലാമാണ് സന്ദേശങ്ങളിലുള്ളത്.

നേരത്തെയും ഇസ്രായേൽ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകൾക്ക് നേരെ സൈബർ ആക്രമണം നടത്തിയിരുന്നു. സൈബർ ആക്രമണത്തെ സ്ഥിരീകരിക്കാൻ ഇസ്രായേലി സർക്കാർ വൃത്തങ്ങൾ തയാറായിട്ടില്ല. നിർണായകമായ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ഇറാനിയൻ സൈബർ ആക്രമണ സാധ്യതയെക്കുറിച്ച് ഇസ്രായേലിലെ സുരക്ഷാ വിദഗ്ധർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

## കെജ്രിവാളിന്റെ കസ്റ്റഡി 23 വരെ നീട്ടി; ഇ.ഡിക്കെതിരായ ഹരജിയിലെ ആവശ്യം തള്ളി സുപ്രിംകോടതിയും

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ കസ്റ്റഡി നീട്ടി. 23 വരെയാണ് കാലാവധി നീട്ടിയത്.

ഡൽഹി റൗസ് അവന്യു കോടതിയുടേതാണ് നടപടി. നേരത്തെ ഇ.ഡി അറസ്റ്റ് ചോദ്യംചെയ്തുള്ള ഹരജി ഉടൻ പരിഗണിക്കണമെന്ന കെജ്‌രിവാളിന്റെ ആവശ്യം സുപ്രിംകോടതി തള്ളിയിരുന്നു.

ഇ.ഡി അറസ്റ്റ് ചോദ്യംചെയ്തുള്ള ഹരജി ഉടൻ പരിഗണിക്കില്ല.

ഈ മാസം 29നുശേഷമേ ഹരജി പരിഗണിക്കൂവെന്നാണു കോടതി വ്യക്തമാക്കിയിരിക്കുന്നത്. അതേസമയം, ഹരജിയിൽ കോടതി ഇ.ഡിക്ക് നോട്ടീസ് അയച്ചിട്ടുണ്ട്.

രേഖകൾ പരിശോധിക്കാതെ ഉടൻ തീരുമാനമെടുക്കാനാവില്ലെന്നാണ് കെജ്‌രിവാളിന്റെ ഹരജിയിൽ കോടതി വ്യക്തമാക്കിയത്.

ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപങ്കർ ദത്ത എന്നിവരടങ്ങിയ രണ്ടംഗ ബെഞ്ചാണ് കേസ് പരിഗണിച്ചത്. തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കണമെന്നും രാജ്യം മുഴുവൻ സഞ്ചരിക്കണമെന്നും കെജ്രിവാളിന്റെ അഭിഭാഷകൻ വാദിച്ചു.

എന്നാൽ, ഇതിനെ ഇ.ഡിക്കു വേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത എതിർക്കുകയായിരുന്നു.

## ബഹ്റൈനിലെ അടുത്ത വർഷത്തെ എഫ് വൺ മത്സരങ്ങൾ ഏപ്രിൽ 11 മുതൽ 13 വരെ

മനാമ: ബഹ്റൈനിൽ അടുത്ത വർഷത്തെ ഫോർമുല വൺ മത്സരങ്ങൾ ഏപ്രിൽ 11 മുതൽ 13 വരെയായിരിക്കുമെന്ന് എഫ് വൺ സംഘാടകർ അറിയിച്ചു. മിഡിലീസ്റ്റിലെ പ്രമുഖ കാറോട്ട മത്സര വേദിയായി സഖീറിലെ ഇൻറർനാഷണൽ സർക്യൂട്ട് മാറിക്കഴിഞ്ഞിട്ടുണ്ട്. മൊത്തം 24 റൗണ്ട് മത്സരങ്ങളാണ് നടക്കുക. ഫോർമുല വൺ മത്സരങ്ങൾക്ക് തുടക്കമിട്ടതിന്റെ 75 വർഷം ആഘോഷിക്കുന്ന സന്ദർഭം കൂടിയാണ് 2025.

അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന കാറോട്ട മത്സരങ്ങളുടെ നാലാം ഘട്ടമായിരിക്കും ബഹ്റൈനിലേത്. ആസ്ട്രേലിയയിൽ മാർച്ച് 14 മുതൽ 16 വരെയും ചൈനയിൽ മാർച്ച് 21 മുതൽ 23 വരെയും ജപ്പാനിൽ ഏപ്രിൽ നാല് മുതൽ ആറ് വരെയും ബഹ്റൈനിൽ ഏപ്രിൽ 11 മുതൽ 13 വരെയും സൗദിയിൽ ഏപ്രിൽ 18 മുതൽ 20 വരെയും യു.എ.ഇയിൽ ഡിസംബർ അഞ്ച് മുതൽ ഏഴ് വരെയുമാണ് കാറോട്ട മത്സരങ്ങളുടെ ഷെഡ്യൂൾ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുള്ളത്.

## ആൻഫീൽഡിൽ കരളുതകർന്ന് ലിവർപൂൾ; ക്രിസ്റ്റൽ പാലസിനോട് ഞെട്ടിക്കുന്ന തോൽവി

ലണ്ടൻ: കിരീട മോഹങ്ങളുമായി ആൻഫീൽഡിൽ ബൂട്ടുകെട്ടിയിറങ്ങിയ ലിവർപൂളിന് ക്രിസ്റ്റൽ പാലസിന്റെ ഷോക്ക് ട്രീറ്റ്മെന്റ്. ഏകപക്ഷീയമായ ഒരു ഗോളിന് ക്രിസ്റ്റൽ പാലസ് ലിവർപൂളിനെ മലർത്തിയടിക്കുകയായിരുന്നു.തോൽവിയോടെ 32 മത്സരങ്ങളിൽ നിന്നും 71 പോയന്റുള്ള ലിവർപൂൾ മൂന്നാം സ്ഥാനത്തേക്ക് ഇറങ്ങി. 32 മത്സരങ്ങളിൽ 73പോയന്റുള്ള മാഞ്ചസ്റ്റർ സിറ്റി ഒന്നാമതും 31 മത്സരങ്ങളിൽ 71 പോയന്റുള്ള ആഴ്സനൽ രണ്ടാമതുമാണ്. ഇന്ന് നടക്കുന്ന മത്സരത്തിൽ ആഴ്സനലിന് ആസ്റ്റൺ വില്ലയാണ് എതിരാളികൾ. മത്സരത്തിന്റെ 14ാം മിനിറ്റിൽ എബ്രോച്ചി എസെ നേടിയ ഗോളാണ് ലിവർപൂളിന് വിനയായത്.

കളത്തിൽ എതിരാളികളേക്കാൾ ബഹുദൂരം മുന്നിൽ നിന്നിട്ടും അവസരങ്ങൾ കളഞ്ഞുകുളിച്ചതാണ് ലിവർപൂളിന് വിനയായത്. എതിരാളികളുടെ ഗോൾമുഖത്തേക്ക് നിരന്തരം ആക്രമണം നടത്തിയെങ്കിലും വല കുലുക്കാനായില്ല. ഡാർവിൻ ന്യൂനസ്, കഴ്ട്ടിസ് ജോൺസ് അടക്കമുള്ള ലിവർപൂൾ സ്ട്രൈക്കർമാരെല്ലാം മത്സരിച്ച് അവസരങ്ങൾ പാഴാക്കുകയായിരുന്നു.ഏപ്രിൽ 21ന് ഫുൾഹാമിനെതിരെയാണ് ലിവർപൂളിന്റെ അടുത്ത മത്സരം.

## പാണ്ഡ്യയെ മാത്രം കുറ്റം പറയുന്നത് നിർത്തൂ –കീറൺ പൊള്ളാർഡ്

മുംബൈ: മുംബൈ ഇന്ത്യൻസ് നായകൻ ഹാർദിക് പാണ്ഡ്യയെ പിന്തുണച്ച് ബാറ്റിങ് കോച്ച് കീറൺ ?പൊള്ളാർഡ്. ചെന്നൈ സൂപ്പർ കിങ്സിനെതിരായ മത്സരത്തിന് പിന്നാലെയുള്ള വാർത്ത സമ്മേളനത്തിലാണ് കീറൺ പൊള്ളാർഡ് തുറന്നടിച്ചത്.

പാണ്ഡ്യയെക്കുറിച്ച് പൊള്ളാർഡ് പ്രതികരിച്ചതിങ്ങനെ:" ഇതൊക്കെ പാണ്ഡ്യയുടെ ആത്മവിശ്വാസത്തെ ബാധിക്കുമോ എന്നറിയില്ല. അവൻ വളരെ ആത്മവിശ്വാസമുള്ളയാളാണ്. ക്രിക്കറ്റിൽ ഒരാൾക്ക് മോശം ദിവസവും നല്ല ദിവസവുമുണ്ടാകും. സ്വന്തം കഴിവുകൾ വികസിപ്പിക്കാനായി കഠിനാധ്വാനം ചെയ്യുന്നയാളാണയാൾ"

"വ്യക്തികളെ ഒറ്റതിരിച്ചു പറയുന്നത് എനിക്ക് മടുത്തു, ശരിക്കും മതിയായി. ക്രിക്കറ്റ് എല്ലാത്തിനുമുപരി ഒരു ടീം ഗെയിമാണ്. ആറാഴ്ചകൾക്ക് ശേഷം ദേശീയ ടീമിനെ പ്രതിനിധീകരിക്കാൻ പോകുന്നയാളെക്കുറിച്ചാണ് ഈ പറയുന്നത്. അപ്പോൾ നിങ്ങളെല്ലാവരും അയാൾക്കായി കൈയ്യടിക്കുകയും നല്ല പ്രകടനം നടത്താൻ ആഗ്രഹിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ഇന്ത്യ ഉൽപാദിപ്പിച്ച ഏറ്റവും മികച്ച ഓൾറൗണ്ടർമാരിൽ ഒരാളായ അദ്ദേഹം ഏറ്റവും മികച്ച പ്രകടനം പുറത്തെടുക്കാൻ ഇപ്പോഴും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അയാൾ ബാറ്റ് ചെയ്യും, ബോളും ഫീൽഡും ചെയ്യും. കൂടെ ഒരു എക്സ് ഫാക്ടറുമുണ്ട്" –പൊള്ളാർഡ് പറഞ്ഞു.

# സൺ റൈസേഴ്സ് ഹൈദരാബാദിന് തകർപ്പൻ ജയം

ഐ.പി.എല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ സൺ റൈസേഴ്സ് ഹൈദരാബാദിന് 25 റൺസിന്റെ തകർപ്പൻ ജയം. ചിന്നസ്വാമി സ്റ്റേഡിയത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പൊരുതിയെങ്കിലും വിജയിക്കാൻ സാധിച്ചില്ല.

ഐ.പി.എൽ ചരിത്രത്തിൽ തന്നെ ഏറ്റവും വലിയ ടോട്ടൽ ആണ് ഹൈദരാബാദ് റോയൽ ചലഞ്ചേഴ്സ് മുമ്പിൽ കെട്ടിപ്പടുത്തത്. നിശ്ചിത ഓവറിൽ മൂന്നു വിക്കറ്റ് നഷ്ടത്തിൽ 287 റൺസ് ആണ് ഹൈദരാബാദ് നേടിയത്. ഇതോടെ അവരുടെ തന്നെ റെക്കോഡായ 277 റൺസിന്റെ ഉയർന്ന സ്കോർ ആണ് വീണ്ടും തിരുത്തിക്കുറിച്ചത്. ആവേശകരമായ മത്സരത്തിൽ മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ ബെംഗളൂരു ഏഴ് വിക്കറ്റ് നഷ്ടത്തിൽ 262 റൺസ് ആണ് നേടിയത്.

ദിനേഷ് കാർത്തിക്കിന്റെ ഐതിഹാസികമായ ചെറുത്തുനിൽപ്പാണ് ബെംഗളൂരുവിനെ വമ്പൻ തോൽവിയിൽ നിന്നും കരകയറ്റിയത്. 35 പന്തിൽ നിന്ന് 7 സിക്സും 5 ഫോറും ഉൾപ്പെടെ 83 റൺസാണ് ദിനേശ് കാർത്തിക് നേടിയത്. 237 സ്ട്രൈക്ക് റേറ്റിൽ കാർത്തിക് തന്റെ കഴിവ് വീണ്ടും തെളിയിക്കുകയായിരുന്നു.

മികച്ച തുടക്കം നൽകിയ വിരാട് കോഹ്‌ലി 20 പന്തിൽ 42 റൺസും ഫാഫ് ഡു പ്ലെസിസ് 28 പന്തിൽ നിന്ന് 62 റൺസും



നേടി തകർപ്പൻ പ്രകടനം കാഴ്ചവച്ചു. വമ്പൻ തോൽവി പ്രതീക്ഷിച്ചെങ്കിലും 25 റൺസിന്റെ അകലത്തിൽ ആയിരുന്നു ബെംഗളൂരുവിന് വിജയം നഷ്ടമായത്.

ഹൈദരാബാദിന് വേണ്ടി തകർപ്പൻ പ്രകടനം കാഴ്ചവച്ചത് ഓസ്ട്രേലിയൻ താരം ട്രാവിസ് ഹെഡ് ആണ്. 41 പന്തിൽ നിന്ന് എട്ടു സിക്സും ഒമ്പത് ഫോറും അടക്കം 102 റൺസ് ആണ് താരം അടിച്ചെടുത്തത്. 248.78 എന്ന സ്ട്രൈക്ക് റേറ്റിൽ ആണ് താരം ബെംഗളൂരു ബൗളേഴ്സിനെ അടിച്ചോടിച്ചത്. മത്സരത്തിലെ മികച്ച താരവും ഹെഡാണ്.ഹെൻഡ്രിച്ച് ക്ലാസൺ 31 പന്തിൽ നിന്ന് 7 സിക്സറും 2 ഫോറും അടക്കം 67 റൺസ് നേടി അമ്പരപ്പിക്കുന്ന പ്രകടനവും കാഴ്ചവച്ചു. ഓപ്പണർ അഭിഷേക് ശർമ 34 റൺസും നേടിയിരുന്നു. അവസാന ഘട്ടത്തിൽ 17 പന്തിൽ 32 റൺസ് നേടി എയ്ഡൻ മർക്രവും 10 പന്തിൽ 37 റൺസ് നേടി അബ്ദുൽ സമദും എതിരാളികളെ വിറപ്പിച്ചു.

ബംഗളൂരുവിനു വേണ്ടി ലോക്കി ഫെർഗൂസൺ രണ്ട് വിക്കറ്റുകൾ നേടിയപ്പോൾ റീസ് ടൊപ്ലെ ഒരു വിക്കറ്റും നേടി. ബെംഗളൂരുവിന്റെ അഞ്ചു ബൗളർമാർക്കാണ് 50 റൺസിന് മുകളിൽ വഴങ്ങേണ്ടിവന്നത്. ഹൈദരാബാദിന് വേണ്ടി ക്യാപ്റ്റൻ പാറ്റ് കമ്മിൻസ് മൂന്നു വിക്കറ്റും മയങ്ക് മാർക്കാണ്ടെ രണ്ടു വിക്കറ്റും നടരാജൻ ഒരു വിക്കറ്റും നേടി.



# ചാമ്പ്യൻസ് ലീഗിലെ ആദ്യ സെമി ഫൈനലിസ്റ്റുകളെ ഇന്നറിയാം

ചാമ്പ്യൻസ് ലീഗിൽ ഇന്ന് ആദ്യ രണ്ട് സെമിഫൈനലിസ്റ്റുകളുടെ കാര്യത്തിൽ തീരുമാനമാകും. ഇന്ന് നടക്കുന്ന ക്വാർട്ടർ ഫൈനൽ രണ്ടാം പാദത്തിൽ ബാഴ്സലോണ പി എസ് ജിയെയും അത്‌ലറ്റിക്കോ മാഡ്രിഡ് ഡോർട്ട്മുണ്ടിനെയും നേരിടും.ബാഴ്സലോണയും പി എസ് ജിയും തമ്മിലുള്ള രണ്ടാം പാദം മത്സരം നടക്കുന്നത് ബാഴ്സലോണയിൽ വച്ചാണ്. പാരീസിൽ നടന്ന ആദ്യപാദത്തിൽ 3–2 എന്ന സ്കോറിന് ബാഴ്സലോണ വിജയിച്ചിരുന്നു. അതുകൊണ്ട് ഇന്ന് വിജയിച്ച സെമി ഉറപ്പിക്കാനാകും എന്നായിരിക്കും ബാഴ്സലോണ പ്രതീക്ഷിക്കുന്നത്.

രണ്ടാം ക്വാർട്ടർ ഫൈനൽ നടക്കുന്നത് ജർമനിയിൽ വെച്ചാണ്. ഡോർട്ട്മുണ്ടിന്റെ ഹോം ഗ്രൗണ്ടായ സിഗ്നൽ ഇടുന പാർക്കിൽ വെച്ച് ഡോർട്ട്മുണ്ടും അത്‌ലറ്റിക്കോയും തമ്മിൽ ഏറ്റുമുട്ടും. മാഡ്രിഡിൽ നടന്ന ആദ്യ പാദത്തിൽ ഒന്നിനെതിരെ 2 ഗോളുകൾക്ക് അത്‌ലറ്റിക്കോ മാഡ്രിഡ് വിജയിച്ചിരുന്നു. ഇന്ന് എവേ ഗ്രൗണ്ടിലും ആ മികവ് പുലർത്താൻ ഡോർട്ട്മുണ്ടിന് ആകുമോ എന്ന് കണ്ടറിയണം.

ഈ രണ്ട് ക്വാർട്ടർ ഫൈനലിലെയും വിജയികളാകും ആദ്യ സെമിയിൽ ഏറ്റുമുട്ടുക. നാളെയാണ് ബാക്കി രണ്ട് ക്വാർട്ടർ ഫൈനലുകളും നടക്കുന്നത്. ഇന്നത്തെ മത്സരങ്ങൾ രാത്രി 12.30ന് സോണി ലൈവിൽ തൽസമയം കാണാം



# ജർമനിയിൽ സാബി വസന്തം; ബുണ്ടെസ് ലിഗയിൽ ബയേർ ലെവർകൂസണ് ആദ്യകിരീടം

ജർമൻ ഫുട്ബാളിൽ പുതുയുഗപ്പിറവി. 5 മത്സരങ്ങൾ ശേഷിക്കെ ബുണ്ടെസ് ലിഗയിൽ തങ്ങളുടെ ആദ്യ കിരീടം നേടി ബയേർ ലെവർകൂസൺ പുതുചരിത്രമെഴുതി. സ്പാനിഷ് പരിശീലകൻ സാബി അലോൺസോയുടെ കീഴിൽ കളത്തിലിറങ്ങിയ ലെവർകൂസൺ തോൽവിയറിയാതെയാണ് കിരീടം ഉറപ്പിച്ചത്.

സ്വന്തം തട്ടകത്തിൽ വെർഡെർ ബ്രെമനെ എതിരില്ലാത്ത അഞ്ചു ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ലെവർകൂസൺ ചരിത്രം തീർത്തത്. മത്സരത്തിന്റെ സമസ്ത മേഖലകളിലും ആധിപത്യം പുലർത്തിയ ലെവർകൂസണായി ആദ്യം വിക്ടർ ?ബോണിഫേസാണ് സ്കോർ ചെയ്തത്.25ാം മിനിറ്റിൽ പെനൽറ്റിയിലൂടെയായിരുന്നു ഗോൾ. 60ാം മിനുറ്റിൽ ഗ്രനിറ്റ് ഷാക്ക ലീഡുയർത്തി. 68, 83,90 മിനിറ്റുകളിൽ ഹാട്രിക് നേടിയ ?ഫ്ലാറിയൻ വിർട്ട്സ് വിജയം രാജകീയമാക്കി.2011–12 സീസണിൽ ബൊറൂസിയ ഡോർട്ട്മുണ്ട് ചാമ്പ്യൻമാരായ ശേഷം ലിഗയിലെ 11 വർഷം നീണ്ട ബയേൺ മ്യൂണിക്കിന്റെ ആധിപത്യത്തിന് കൂടിയാണ് അന്ത്യമാകുന്നത്. 29 മത്സരങ്ങൾ പൂർത്തിയായപ്പോൾ ബയേണ് 63ഉം ലെവർകൂസണ് 79ഉം പോയന്റാണുള്ളത്.കഴിഞ്ഞ സീസണിൽ ആറാംസ്ഥാനത്തായിരുന്ന ലെവർകൂസൺ സാബിയുടെ ശിക്ഷണത്തിൽ അമ്പരപ്പിക്കുന്ന തേരോട്ടമാണ് സീസണിൽ ഉടനീളം നടത്തിയത്.

# സഞ്ജുവിന്റെ രാജസ്ഥാൻ റോയൽസ് ഇന്ന് കൊൽക്കത്തക്കെതിരെ

ഇന്ന് സഞ്ജുവിന്റെ രാജസ്ഥാൻ റോയൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. പോയിൻറ് ടേബിൾ ഒന്നാം സ്ഥാനത്തും രണ്ടാം സ്ഥാനത്തുമുള്ള ടീമുകളുടെ മത്സരമാണിത്.

രാജസ്ഥാൻ റോയൽസ് ഇതുവരെ കളിച്ച ആറു മത്സരങ്ങളിൽ അഞ്ച് എണ്ണം വിജയിച്ചപ്പോൾ, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഇതുവരെ കളിച്ച 5 മത്സരങ്ങളിൽ നാലെണ്ണം വിജയിച്ചു.

അതുകൊണ്ടുതന്നെ ഇരു ടീമുകളും നേർക്കുനേർ വരുമ്പോൾ ശക്തമായ പോരാട്ടമാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഇന്ന് കൊൽക്കത്തയിൽ വച്ചാണ് മത്സരം നടക്കുന്നത്. രാജസ്ഥാനെ അലട്ടുന്നത് അവരുടെ പ്രധാന താരങ്ങളുടെ പരിക്കായിരിക്കും. ബട്ട്ലർ, ബർഗർ, സന്ദീപ് എന്നിവരെല്ലാം ഇന്നത്തെ മത്സരത്തിൽ തിരിച്ചുവരും എന്നാണ് രാജസ്ഥാൻ പ്രതീക്ഷിക്കുന്നത്. അശ്വിനും പരിക്കിന്റെ ഭീഷണിയിലാണ്.

കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മികച്ച ഫോമിൽ ആണുള്ളത്. അവരുടെ ആക്രമണ ബാറ്റിംഗ് ആണ് അവരുടെ കരുത്ത്. അവസാന മത്സരങ്ങൾ എല്ലാം ഏകപക്ഷീയമായ വിജയമാണ് അവർ വിജയിച്ചത്. ആകെ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ മാത്രമാണ് അവർ പരാജയപ്പെട്ടത്. ഇന്ന് വിജയിച്ചാൽ കൊൽക്കത്തയ്ക്ക് രാജസ്ഥാനെ മറികടന്ന് ലീഗിൽ ഒന്നാമത് എത്താം. ഇന്ന് രാത്രി 7 30ന് നടക്കുന്ന മത്സരം ജിയോ സിനിമയിൽ തൽസമയം സൗജന്യമായി കാണാം.




## മലയാളികളായ സജന സജീവനും ആശാ ശോഭനയും ഇന്ത്യൻ ടീമിൽ

ന്യൂഡൽഹി: മലയാളികളായ സജന സജീവനും ആശാ ശോഭനയും ഇന്ത്യൻ വനിത ക്രിക്കറ്റ് ടീമിൽ ഇടം നേടി. ബംഗ്ലദേശിനെതിരെ ഏപ്രിൽ 28 മുതൽ ആരംഭിക്കുന്ന അഞ്ചുമത്സര ട്വന്റി 20 പരമ്പരക്കുള്ള ടീമിലാണ് ഇരുവരും ഇടം പിടിച്ചത്.

തിരുവനന്തപുരം സ്വദേശിയായ ആശാ ശോഭന സ്പിൻ ആൾറൗണ്ടറാണ്. വനിത ഐ.പി.എൽ കിരീടം ചൂടിയ റോയൽ ചാലഞ്ചേഴ്സ് ടീമംഗമായിരുന്നു. വയനാട് മാനന്തവാടി സ്വദേശിനിയായ സജന മുംബൈ ഇന്ത്യൻസിനായി നടത്തിയ പ്രകടനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഡൽഹി ക്യാപിറ്റൽസിനെതിരെയുള്ള മത്സരത്തിൽ അവസാന പന്തിൽ സിക്സറടിച്ച് മുംബൈ ഇന്ത്യൻസിനെ വിജയിപ്പിച്ച സജനയുടെ പ്രകടനം ശ്രദ്ധിക്കപ്പെട്ടിരുന്നു.

ഹർമൻ പ്രീത് കൗറാണ് പര്യടനത്തിനുള്ള ഇന്ത്യൻ ടീമിനെ നയിക്കുക. സ്മൃതി മന്ദാനയാണ് വൈസ് ക്യാപ്റ്റൻ.

## ഝാർഖണ്ഡ് ക്രിക്കറ്റ് അസോസിയേഷനെതിരെ അന്വേഷണം പ്രഖ്യാപിച്ച് കേന്ദ്രം

റാഞ്ചി: അഴിമതി ആരോപണത്തിനു പിന്നാലെ ഝാർഖണ്ഡ് ക്രിക്കറ്റ് അസോസിയേഷനെതിരെ അന്വേഷണം പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. അസോസിയേഷനൊപ്പം വ്യവസായ സ്ഥാപനമായ കൺട്രി ക്രിക്കറ്റ് ക്ലബിനെതിരെയും അന്വേഷണമുണ്ട്. വിരമിച്ച ഐപിഎസ് ഉദ്യോഗസ്ഥയും അന്തരിച്ച മുൻ ബിസിസിഐ ആക്ടിങ് സെക്രട്ടറി അമിതാഭ് ചൗധരിയുടെ ഭാര്യയുമായ നിർമൽ കൗർ നൽകിയ പരാതിയിലാണ് അന്വേഷണം. കോർപറേറ്റ് കാര്യ മന്ത്രാലയമാണ് അന്വേഷണത്തിനു ഉത്തരവിട്ടത്.

ബിസിസിഐയുടെ ഗ്രാൻഡുകൾ ക്രിക്കറ്റ് വികസനത്തിനു ഉപയോഗിക്കുന്നതിനു പകരം വ്യക്തികൾ സ്വകാര്യ ആവശ്യങ്ങൾക്കായി വഴി മാറ്റി ചെലവാക്കുകയാണെന്നു അവർ പരാതിയിൽ ആരോപിച്ചു. കഴിഞ്ഞ നവംബറിൽ നടത്തിയ ക്രിക്കറ്റ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ ക്രമക്കേടുണ്ടെന്നും പരാതിയിലുണ്ട്.

അസോസിയേഷന്റെ നിയന്ത്രണത്തിലുള്ള സ്റ്റേഡിയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത അടക്കമുള്ള വിഷയങ്ങളും പരാതിയിൽ ചൂണ്ടിക്കാട്ടുന്നു. കൺട്രി ക്രിക്കറ്റ് ക്ലബിലും വ്യാപക സാമ്പത്തിക തിരിമറികളുണ്ട്.

കമ്മിറ്റിയിലെ അംഗങ്ങൾ മാത്രമാണ് സമ്പന്നരാകുന്നതെന്നും ഫണ്ട് ക്ലബിന്റെ ഉന്നമനത്തിനായി വിനിയോഗിക്കപ്പെടുന്നില്ലെന്നും അവർ പരാതിയിൽ പറയുന്നു.

## സ്പിൻ ഇതിഹാസം; ഡെറിക്അണ്ടർവുഡ് അന്തരിച്ചു

ലണ്ടൻ: ഇംഗ്ലണ്ടിന്റെ സ്പിൻ ഇതിഹാസ താരമായിരുന്ന മുൻ ക്രിക്കറ്റ് താരം ഡെറിക് അണ്ടർവുഡ് അന്തരിച്ചു. 78 വയസായിരുന്നു. രാജ്യത്തിനായി 86 ടെസ്റ്റ് മത്സരങ്ങളിൽ നിന്നായി 297 വിക്കറ്റുകൾ നേടിയിയിട്ടുണ്ട്.

1966 ജൂലൈയിൽ ട്രെന്റ് ബ്രിഡ്ജിൽ വെസ്റ്റ് ഇൻഡീസിനെതിരെയായിരുന്നു അരങ്ങേറ്റ മത്സരം. ഇംഗ്ലണ്ടിനായി 25.83 ശരാശരിയിൽ 297 വിക്കറ്റുകൾ വീഴ്ത്തി.

ടെസ്റ്റ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിന്റെ ഏറ്റവും ഉയർന്ന ആറാ



മത്തെ വിക്കറ്റ് വേട്ടക്കാരനാണ് അദ്ദേഹം. ഇംഗ്ലണ്ടിനായി ടെസ്റ്റിൽ ഏറ്റവും കൂടുതൽ വിക്കറ്റുകൾ വീഴ്ത്തിയ സ്പിന്നർമാരിൽ മുന്നിൽ അണ്ടർവുഡാണ്.

ഏകദിന ക്രിക്കറ്റിൽ, 26 മത്സരങ്ങൾ കളിച്ച അദ്ദേഹത്തിന്റെ വിക്കറ്റ് നേട്ടം ആണ്. 1968–ലെ ഓവലിലെ ആഷസ് ടെസ്റ്റിൽ ഓസ്ട്രേലിയയ്ക്കെതിരെ ആറ് മിനിറ്റ് ശേഷിക്കെ, അദ്ദേഹത്തിന്റെ മാന്ത്രിക സ്പിന്നിൽ നേടിയ വിക്കറ്റ് ഇംഗ്ലണ്ടിന് സമ്മാനിച്ചത് അവരുടെ ടെസ്റ്റ് ചരിത്രത്തിലെ ഏറ്റവും നാടകീയ വിജയങ്ങളിലൊന്നാണ്. ഈ പ്രകടനത്തെ തുടർന്ന് 1969 ലെ വിസ്ഡൻ ക്രിക്കറ്റർ ഓഫ് ദ ഇയർ ആയും അണ്ടർവുഡ് തെരഞ്ഞെടുക്കപ്പെട്ടു.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.